18
2026 മാർച്ച്
ബുധൻ
മീനം 4

NAUTICAL TIMES
KERALA
The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 61 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-61 പേജ് 4. വില 2.00 രൂപ

02 കോൺഗ്രസ് വിട്ടവർക്ക് തിരിച്ചുവരാനുള്ള സുവർണാവസരം: ചെറിയാൻ ഫിലിപ്പ്

03 ഗൾഫ് രാജ്യങ്ങൾക്കു നേരേ വ്യാപക ആക്രമണം; അബുദാബിയിൽ ഒരു മരണം

04 പ്രണയം വെറുമൊരു വികാരമല്ല; അതൊരു അതിജീവന മന്ത്രമാണ്!

പാചകവാതക ക്ഷാമവും ഡീസൽ ലഭ്യത കുറവും

മത്സ്യബന്ധന മേഖല ആശങ്കയിൽ

ചവറ: പാചക വാതക ക്ഷാമത്തിനൊപ്പം ഡീസൽ ലഭ്യതയിലും ഉണ്ടായിരിക്കുന്ന കുറവ് മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലേക്ക് നയിക്കുന്നു. ദിവസങ്ങളായി തീരദേശ മേഖലയിൽ പാചക വാതക സിലിണ്ടറുകളുടെ വിതരണം വൈകുന്നതും ഡീസൽ ലഭ്യതയിൽ ഉണ്ടായിരിക്കുന്ന തടസവും മത്സ്യത്തൊഴിലാളികളെയും ബന്ധപ്പെട്ട വ്യാപാരികളെയും ആശങ്കയിലാക്കിയിരിക്കുകയാണ്.

മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും പ്രധാനമായും ആശ്രയിക്കുന്നത് ഡീസലിനെയാണ്. എന്നാൽ പമ്പുകളിൽ ഡീസൽ ലഭ്യത കുറഞ്ഞു വന്നതിനാൽ വിതരണത്തിൽ താമസം നേരിടുന്നതോടെ ബോട്ടുകളിൽ പലതും കടലിലേക്ക് പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തിനാൽ തൊഴിലാളികളുടെ വരുമാനമില്ലാതായി.

തീരപ്രദേശങ്ങളിലെ പല ചെറിയ ഹോട്ടലുകൾ, ഭക്ഷണശാലകൾ എന്നിവ പാചക വാതക ക്ഷാമം മൂലം പ്രവർത്തനം താൽക്കാലികമായി നിർത്തിയിരിക്കുകയാണ്. മത്സ്യങ്ങൾക്ക് വേണ്ടത്ര വില കിട്ടാത്ത സ്ഥിതി മത്സ്യത്തൊഴിലാളികളെ കൂടുതൽ കഷ്ടത്തിലാക്കുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ മത്സ്യ അനുബന്ധ മേഖലകളിലും തിരിച്ചടി ഉണ്ടാകുന്നുണ്ട്.

തീരദേശ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. എൽ പി ജിയുടെ കടുത്ത ക്ഷാമത്തെ തുടർന്ന് മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ, ഡീസൽ സ്റ്റൗവുകൾ വാങ്ങുകയാണ് ഭൂരിഭാഗം പേരും. പാചക വാതകവും ഡീസലും അടിയന്തിരമായി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് മത്സ്യത്തൊഴിലാളികളും സംഘടനകളും വ്യാപാരികളും ആവശ്യപ്പെടുന്നു.

മുതലപ്പൊഴിയിലെ മണ്ണ് ദേശീയപാത വികസനത്തിന്: തീരുമാനം മന്ത്രിസഭാ യോഗത്തിൽ

തിരുവനന്തപുരം: പെരുമാതുറ മുതലപ്പൊഴിയിലെ ബോറോ ഏരിയയിൽനിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണ് നാഷണൽ ഹൈവേ 66ൻറെ വികസനത്തിനായി എടുക്കുന്നതിനായി എൻഎച്ച്എഐയ് ക്ക് അനുമതി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

എൻഎച്ച് 66 വികസനം, മുതലപ്പൊഴിയിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ എന്നിവ കണക്കിലെടുത്താണ് തീരുമാനം. മുതലപ്പൊഴിയിൽ അടിഞ്ഞുകൂടുന്ന എക്കൽ ഡ്രഡ്ജ് ചെയ്തു നീക്കേണ്ടതിനു സർക്കാർ പണം ചെലവഴിക്കേണ്ടി വരില്ല എന്നതും ഈ സ്ഥലത്തെ എക്കലിൽ നാമമാത്രമായ മിനറൽ സാന്നിധ്യമേ കണ്ടെത്തിയിട്ടുള്ളൂവെന്നതും ഫില്ലിംഗ് ഉപയോഗത്തിന് അല്ലാതെ മറ്റൊന്നിനും ഇത് ഉപയോഗിക്കുന്നില്ല എന്നുമുള്ള റിപ്പോർട്ട് കൂടി പരിഗണിച്ചാണ് തീരുമാനം.

മുതലപ്പൊഴിയിൽ മണൽ മൂടിയതു കാരണം മത്സ്യബന്ധത്തിനു പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിനു മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നിരക്ക് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നു നഷ്ടപരിഹാരം നൽകും. 2,433 മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിനാണ് നഷ്ടപരിഹാരം നൽകുന്നത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നേരത്തെ അനുവദിച്ച തുകയിൽ ഫിഷറീസ് ഡയറക്ടറുടെ ടി എസ്ബി അക്കൗണ്ടിൽ ശേഷിക്കുന്ന 6.6497 കോടി രൂപ കൂടാതെ 1,29,86,677 കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരം നൽകാനായി അനുവദിക്കും.

പൂന്തുറയിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളിക്കായുള്ള തെരച്ചിൽ രണ്ടാംദിവസവും വിഫലം

പൂന്തുറ: നങ്കൂരമിട്ടിരുന്ന വള്ളത്തിൽ കയറുന്നതിനായി നീന്തിപ്പോകവേ തിരയിൽപ്പെട്ട് കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയെ രണ്ടാം ദിവസവും കണ്ടെത്താൻ കഴിഞ്ഞില്ല. പൂന്തുറ ന്യൂകോളനി ടി. സി – 47 /117ൽ ജോസഫിനെ (53) ആണ് കാണാതായത്. പൂന്തുറ സെൻറ് തോമസ് പള്ളിക്കു മുന്നിലുള്ള കടലിലാണ് ജോസഫിനെ കാണാതായത്.

ഞായറാഴ്ച ഉച്ചയ്ക്ക് 1.40 ഓടുകൂടിയായിരുന്നു അപകടം. മീൻ പിടിക്കാനായി കരയിൽനിന്നും ഏകദേശം 45 മീറ്ററോളം അകലെ നങ്കൂരമിട്ടിരുന്ന വള്ളത്തിലേയ്ക്ക് കയറുന്നതിനായി നീന്തി പോകവേ ശക്തമായ തിരയിൽപ്പെട്ട് ജോസഫ് മുങ്ങിത്താഴുകയായിരുന്നു. സംഭവം നടന്നയുടൻതന്നെ നാട്ടുകാരുടെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിയെങ്കിലും ജോസഫിനെ കണ്ടെത്താൻ കഴിഞ്ഞില്ല.

തുടർന്നു വിഴിഞ്ഞം കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെൻറ് അധികൃതരുമെത്തി ഏറേനേരം തെരച്ചിൽ നടത്തി. വെളിച്ചക്കുറവ് കാരണം ഞായറാഴ്ച വൈകി തെരച്ചിൽ നിർത്തി. ഇന്നലെ രാവിലെ പുനരാരംഭിച്ച തെരച്ചിൽ വൈകുന്നേ രം വരെ തുടർന്നതായി വിഴിഞ്ഞം കോസ്റ്റൽ പോലീസ് അറിയിച്ചു.

ഇറാൻ സുരക്ഷാ കൗൺസിൽ മേധാവി അലി ലാരിജാനി കൊല്ലപ്പെട്ടതായി ഇസ്രയേൽ

ടെഹ്റാൻ: ഇറാൻ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ മേധാവി അലി ലാരിജാനി വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടതായി ഇസ്രയേൽ പ്രതിരോധ മന്ത്രി. പശ്ചിമേഷ്യയിൽ യുദ്ധം രൂക്ഷമായി തുടരുന്നതിനിടെ ഇറാൻറെ ഔദ്യോഗിക ഭരണസംവിധാനത്തിന് ലഭിക്കുന്ന വലിയ തിരിച്ചടിയായാണ് ഈ വാർത്ത വിലയിരുത്തപ്പെടുന്നത്.

ടെഹ്റാനിലെ അതീവ സുരക്ഷാ മേഖലയിലുള്ള തന്ത്രപ്രധാനമായ കെട്ടിടത്തിന് നേരെ നടത്തിയ മിസൈൽ ആക്രമണത്തിലാണ് അലി ലാരിജാനി കൊല്ലപ്പെട്ടതെന്ന് ഇസ്രയേൽ അവകാശപ്പെടുന്നു.

ഇറാൻറെ ആണവ പദ്ധതികളിലും നയതന്ത്ര ചർച്ചകളിലും നിർണായക പങ്കു വഹിച്ചിരുന്ന മുതിർന്ന നേതാവാണ് അലി ലാരിജാനി. ഇറാൻറെ പരമോന്നത നേതാവ് മൊജ്താബ ഖമനയ്യുടെ വിശ്വസ്തനായാണ് അദ്ദേഹം അറിയപ്പെടുന്നത്.

ലാരിജാനിയുടെ മരണത്തെക്കുറിച്ച് ഇറാൻ ഔദ്യോഗികമായി ഇതുവരെ സ്ഥിരീകരണം നൽകിയിട്ടില്ല. എന്നാൽ, ഇസ്രയേലിൻറെ ആക്രമണങ്ങൾക്ക് കടുത്ത ഭാഷയിൽ തിരിച്ചടി നൽകുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഇറാൻറെ സൈനിക-ഭരണ നേതൃത്വങ്ങളെ ലക്ഷ്യമിട്ട് ഇസ്രയേൽ ആക്രമണം ശക്തമാക്കിയിരിക്കുകയാണ്. ബസിജ് സേനാ തലവന് പിന്നാലെ ലാരിജാനിയും കൊല്ലപ്പെട്ടെന്ന വാർത്തകൾ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം.

വെള്ളാപ്പള്ളി നടേശന് വീണ്ടും തിരിച്ചടി; അപ്പീൽ തള്ളി ഹൈക്കോടതി

കൊച്ചി: എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി സ്ഥാനത്തെ അയോഗ്യതയിൽ വെള്ളാപ്പള്ളി നടേശന് വീണ്ടും തിരിച്ചടി. അപ്പീൽ അടിയന്തരമായി പരിഗണിക്കണം എന്ന വെള്ളാപ്പള്ളിയുടെ ആവശ്യം ഹൈക്കോടതി തള്ളി. അപ്പീൽ അടിയന്തരമായി പരിഗണിക്കേണ്ട സാഹചര്യമില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിൻറേതാണ് നിലപാട്. സ്ഥാനത്തുനിന്ന് നീക്കിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെയായിരുന്നു വെള്ളാപ്പള്ളി നടേശൻ അപ്പീൽ നൽകിയത്.

മുഖ്യമന്ത്രി പിണറായി വിജയന് പിന്തുണയുമായി കമൽ ഹാസൻ

ചെന്നൈ: വരാനിരിക്കുന്ന കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി പിണറായി വിജയന് ആശംസകളുമായി തമിഴ് സൂപ്പർ താരം കമൽ ഹാസൻ. കേരളം തൻറെ കൂടി സംസ്ഥാനമാണെന്നും അവിടെയുള്ള ഭരണത്തുടർച്ച ജനങ്ങളുടെ ആവശ്യമാണെന്നും അദ്ദേഹം തൻറെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ വ്യക്തമാക്കി.

കേരളത്തോട് വൈകാരികമായ വലിയൊരു അടുപ്പം തനിക്കുണ്ടെന്ന് കമൽ ഹാസൻ പറഞ്ഞു. 'കേരളം എൻറെയും കേരളമാണ്' എന്ന് അദ്ദേഹം ഫേസ്ബുക്ക്കുറിപ്പിൽ പ്രത്യേകം എടുത്തുപറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തെ ഭരണനേട്ടങ്ങൾ വിലയിരുത്തി ശരിയായ തീരുമാനമെടുക്കാൻ കേരളത്തിലെ വോട്ടർമാരോട് അദ്ദേഹം അഭ്യർത്ഥിച്ചു. എൽഡിഎഫ് സർക്കാരിൻറെ പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി.

ലോക് സഭയിൽ എട്ട് പ്രതിപക്ഷ എംപിമാരുടെ സസ്പെൻഷൻ പിൻവലിച്ചു; ഐകകണ്ഠേന പ്രമേയം പാസാക്കി

ന്യൂഡൽഹി: പാർലമെൻറിലെ ബജറ്റ് സമ്മേളനത്തിൻറെ ആദ്യഘട്ടത്തിൽ സസ്പെൻഡ് ചെയ്യപ്പെട്ട എട്ട് പ്രതിപക്ഷ എംപിമാരുടെ ശിക്ഷാ നടപടി ലോക്സഭ ഐകകണ്ഠേന പിൻവലിച്ചു. ചൊവ്വാഴ്ച സഭയിൽ അവതരിപ്പിച്ച പ്രത്യേക പ്രമേയത്തിലൂടെയാണ് എംപിമാരുടെ സസ്പെൻഷൻ നീക്കാൻ തീരുമാനമായത്.

ഫെബ്രുവരി മൂന്നിന് സഭയ്ക്കുള്ളിലെ അപമര്യാദയായ പെരുമാറ്റത്തെ തുടർന്നാണ് എംപിമാരെ ബജറ്റ് സമ്മേളനത്തിൻറെ ബാക്കി കാലയളവിലേക്ക് സസ്പെൻഡ് ചെയ്തിരുന്നത്. സഭാ നടപടികൾ തടസപ്പെടുത്തുകയും ചെയറിന് നേരെ പേപ്പറുകൾ കീറിയെറിയുകയും ചെയ്തതിനായിരുന്നു നടപടി. സസ്പെൻഷനിലായിരുന്ന ഏഴ് കോൺഗ്രസ് എംപിമാരും ഒരു സിപിഎം എംപിയുമാണ് തിരികെ സഭയിലെത്തുന്നത്. ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ്, ഗുർജീത് സിംഗ് ഔജ്ല, സി. കിരൺ കുമാർ റെഡ്ഡി, അമരീന്ദർ സിംഗ് രാജ വാറിംഗ്, മാണിക്കം ടാഗോർ, പ്രശാന്ത് പടോളെ, എസ്. വെങ്കിടേശൻ എന്നിവരാണ് ഇവർ. കോൺഗ്രസ് ചീഫ് വിപ്പ് കൊടിക്കുന്നിൽ സുരേഷ് എംപിമാരുടെ സസ്പെൻഷൻ പിൻവലിക്കണമെന്ന് സഭയിൽ അഭ്യർത്ഥിച്ചു. തുടർന്ന് പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു എംപിമാരുടെ സസ്പെൻഷൻ പിൻവലിക്കാനുള്ള പ്രമേയം അവതരിപ്പിച്ചു. ഇത് സഭ ഏകകണ്ഠമായി അംഗീകരിക്കുകയായിരുന്നു. സഭയുടെ അന്തസും മാന്യതയും കാത്തുസൂക്ഷിക്കുമെന്നും സഭയ്ക്കുള്ളിൽ പ്ലക്കാർഡുകളോ പോസ്റ്ററുകളോ പ്രദർശിപ്പിക്കില്ലെന്നും പ്രതിപക്ഷ അംഗങ്ങൾ ഉറപ്പുനൽകിയ സാഹചര്യത്തിലാണ് സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ നടന്ന സർവകക്ഷി യോഗത്തിൽ സസ്പെൻഷൻ പിൻവലിക്കാൻ ധാരണയായത്.

സി.സി. മുകുന്ദൻ എംഎൽഎ സ്ഥാനം രാജിവച്ചു

തിരുവനന്തപുരം: സിപിഐ വിട്ട് ബിജെപിയിൽ ചേർന്ന സി.സി. മുകുന്ദൻ എംഎൽഎ സ്ഥാനം രാജിവച്ചു. തിങ്കളാഴ്ചയാണ് സി.സി. മുകുന്ദൻ ബിജെപി അംഗത്വം സ്വീകരിച്ചത്. തിങ്കളാഴ്ചത്തെ തീയതി വച്ച് രാജി കത്ത് നൽകി.

പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിലാണ് സിപിഐയിൽ നിന്ന് കഴിഞ്ഞ ദിവസം സി.സി. മുകുന്ദനെ പുറത്താക്കിയത്.

മണ്ഡലത്തിൽ മുകുന്ദന് പകരം മുൻ എംഎൽഎ ഗീതാ ഗോപിയെ സ്ഥാനാർഥിയായി സിപിഐ നേതൃത്വം പ്രഖ്യാപിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണം.

ആൻറണി രാജുവിന് തിരിച്ചടി; തൊണ്ടിമുതൽ കേസിൽ ശിക്ഷാവിധി മരവിപ്പിക്കണമെന്ന ആവശ്യം തള്ളി

കൊച്ചി: തൊണ്ടിമുതൽ കേസിൽ മുൻ മന്ത്രി ആൻറണി രാജുവിന് തിരിച്ചടി. ശിക്ഷാവിധി റദ്ദാക്കണമെന്ന അപ്പീൽ ഹൈക്കോടതി തള്ളി. ഇതോടെ, ആൻറണി രാജുവിന് നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ല.

കേസിൽ വാദം പൂർത്തിയായ ശേഷം വിധി പറയാൻ മാറ്റിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യമായ കാര്യങ്ങൾ അന്വേഷിച്ചില്ല, ആര്, എവിടെ വച്ച് തിരിമറി നടത്തിയെന്ന് അറിയില്ലെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ടിൽ പറഞ്ഞതെന്നും ആൻറണി രാജുവിന് വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചിരുന്നു.

ഇതിൽ ഒരു ക്രിമിനൽ സാധ്യത തെളിയിക്കാൻ കഴിയില്ലെന്നും തൊണ്ടിമുതൽ വാങ്ങിച്ച് തിരിച്ചുകൊടുത്തു എന്നുള്ളതുകൊണ്ട് കുറ്റം തെളിയിക്കാൻ സാധിക്കുമോയെന്നും കോടതി ചോദിച്ചിരുന്നു. തൊണ്ടിമുതലിൽ തിരിമറിനടത്തിയത് ആൻറണി രാജു തന്നെയാണെന്ന് എന്താണ് ഉറപ്പെന്നും ഇതിലൊരു ഗൂഢാലോചന നടന്നിട്ടുണ്ടെങ്കിൽ സീനിയർ അഭിഭാഷകനെ പ്രതിയാക്കാഞ്ഞത് എന്തുകൊണ്ടെന്നും കോടതി ചോദിച്ചിരുന്നു.തൊണ്ടിമുതലിൽ കൃത്രിമം നടത്തിയതിന് ആൻറണി രാജുവിനെ മൂന്നുവർഷത്തേക്കാണ് കോടതി ശിക്ഷിച്ചിരുന്നത്. ഇതോടെ എംഎൽഎ സ്ഥാനത്തുനിന്ന് ആൻറണി രാജു അയോഗ്യനാക്കപ്പെടുകയും ചെയ്തു. കേസിൽ രണ്ടാം പ്രതിയാണ് ആൻറണി രാജു. ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ, കള്ളത്തെളിവ് ഉണ്ടാക്കൽ, വ്യാജരേഖ ചമയ്ക്കൽ, സർക്കാർ ഉദ്യോഗസ്ഥൻറെ വിശ്വാസ വഞ്ചന എന്നീ വകുപ്പുകളാണ് തെളിഞ്ഞത്. 1990 ഏപ്രിൽ നാലിന് 60 ഗ്രാം ഹാഷിഷുമായി തിരുവനന്തപുരം വിമാനത്താവളത്തിൽ പിടിയിലായ ഓസ്ട്രേലിയൻ പൗരൻ ആൻഡ്രൂ സാൽവദോർ സർവലിയെ രക്ഷപ്പെടുത്താൻ തൊണ്ടിമുതലായ അടിവസ്ത്രത്തിൽ കൃത്രിമം കാണിച്ചുവെന്നാണ് കേസ്.

വഞ്ചിയൂർ കോടതിയിലെ അഭിഭാഷകനായിരുന്ന ആൻറണി രാജു തൻറെ സീനിയറായ അഡ്വ. സെലിൻ വിൽഫ്രഡുമായി ചേർന്നാണ് ആൻഡ്രൂവിൻറെ വക്കാലത്ത് ഏറ്റെടുത്തത്. തിരുവനന്തപുരം വഞ്ചിയൂർ കോടതി പ്രതിയെ 10 വർഷത്തേക്ക് ശിക്ഷിച്ചു. എന്നാൽ ഹൈക്കോടതിയിൽ നിന്ന് ആൻഡ്രൂ അനുകൂല വിധി നേടി. തൊണ്ടിമുതലായ അടിവസ്ത്രം പ്രതിയുടേതല്ലെന്ന പ്രതിഭാഗം വാദം അംഗീകരിച്ചാണ് ആൻഡ്രൂവിനെ കോടതി വിട്ടയച്ചത്.

ശബരിമല യുവതീപ്രവേശം: മുഖ്യമന്ത്രി നിലപാട് വ്യക്തമാക്കണമെന്ന് കെ.സി. വേണുഗോപാൽ

തിരുവനന്തപുരം: ശബരിമല യുവതീ പ്രവേശത്തിൽ സുപ്രീംകോടതിയിൽ നിലപാടെടുക്കാതെ ഒളിച്ചുകളിച്ച സംസ്ഥാന സർക്കാരിൻറെ നിലപാടിനെ രൂക്ഷമായി വിമർശിച്ച് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപി.

കൊച്ചിയിൽ നടന്ന കെപിഎംഎസിൻറെ സംസ്ഥാന സമ്മേളന വേദിയിൽ യുവതീപ്രവേശം വേണമെന്ന് കെപിഎംഎസ് സംസ്ഥാന ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ നിലപാട് ആവർത്തിച്ചപ്പോഴും ഉദ്ഘാടകനായിരുന്ന മുഖ്യമന്ത്രിയോ, പ്രാസംഗികനായിരുന്ന മന്ത്രി കെ. രാജനോ എന്തുകൊണ്ട് നിലപാട് വ്യക്തമാക്കിയില്ലെന്നും കെ.സി. വേണുഗോപാൽ ചോദിച്ചു.

പ്രമുഖ നടനു വേദനിച്ചപ്പോൾ മാപ്പുപറഞ്ഞ മുഖ്യമന്ത്രി എന്തുകൊണ്ട് ആചാരാനുഷ്ഠാനങ്ങളെ വ്രണപ്പെടുത്തിയതിന് മാപ്പുപറയുന്നില്ല വിശ്വാസികളുടെ പേരിലെടുത്ത കേസുകൾ പിൻവലിക്കുന്നില്ല അവർക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം നല്കുന്നില്ലെന്നും അദ്ദേഹം ചോദിച്ചു.

യുവതീ പ്രവേശം വേണമെന്ന 2007ലെ വി.എസ് സർക്കാരിൻറെ സത്യവാംഗ്മൂലം പൊടിപോലും തട്ടിക്കളയാതെയാണ് പിണറായി സർക്കാർ 2016ലും സ്വീകരിച്ചത്. ഇപ്പോൾ മതപണ്ഡിതരുടെ അഭിപ്രായം തേടി സുപ്രീംകോടതി തീരുമാനിക്കണം എന്ന ഒളിച്ചുകളിയാണ് നടത്തിയത്.

യുവതീപ്രവേശത്തിൽ സംസ്ഥാന സർക്കാരിന് നിയമനിർമാണം നടത്താമെന്ന വാദവും ഉന്നയിച്ചിട്ടുണ്ട്. യുവതീപ്രവേശനം വേണമോ വേണ്ടയോ എന്നതിൽ ഉറച്ച നിലപാട് പരമോന്നത കോടതിയിൽ പറഞ്ഞതുമില്ലെന്നും കെ.സി. വേണുഗോപാൽ ചൂണ്ടിക്കാട്ടി.

യുവതീപ്രവേശത്തോട് യോജിപ്പില്ലെന്നും ക്ഷേത്രാചാരങ്ങളെ സ്ത്രീസ്വാതന്ത്ര്യവുമായി ചേർത്തുവയ്ക്കേണ്ടതില്ലെന്നുമുള്ള ദൃഢമായ നിലപാടാണ് കോൺഗ്രസിൻറേത്. ഇക്കാര്യം താൻ കെപിഎംഎസിൻറെ സംസ്ഥാന സമ്മേളന വേദിയിൽ ആവർത്തിക്കുകയും ചെയ്തു. അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ മുഖ്യമന്ത്രിക്ക് ധൈര്യമുണ്ടോയെന്നും കെ.സി. വേണുഗോപാൽ വെല്ലുവിളിച്ചു.

മുഖ്യമന്ത്രിയിൽനിന്ന് യെസ് അല്ലെങ്കിൽ നോ എന്ന മറുപടിയാണ് ജനം ആഗ്രഹിക്കുന്നത്. മറുപടി ഇല്ലെങ്കിൽ ആചാരാനുഷ്ഠാനങ്ങൾക്ക് പുല്ലുവില നല്കുന്നവരെയും അയ്യപ്പൻറെ സ്വർണം കട്ടവരെയും ജനങ്ങളുടെ കോടതി വിചാരണ ചെയ്യുക തന്നെ ചെയ്യുമെന്നും കെ.സി. വേണുഗോപാൽ വ്യക്തമാക്കി.

കോൺഗ്രസ് വിട്ടവർക്ക് തിരിച്ചുവരാനുള്ള സുവർണാവസരം: ചെറിയാൻ ഫിലിപ്പ്

തിരുവനന്തപുരം: വിവിധ ഘട്ടങ്ങളിൽ പല കാരണത്താൽ കോൺഗ്രസ് വിട്ടവർക്ക് തിരിച്ചുവരാനുള്ള സുവർണാവസരമാണ് ഇപ്പോഴുള്ളതെന്ന് ചെറിയാൻ ഫിലിപ്പ്. എൽഡിഎഫ് എന്ന മുങ്ങുന്ന കപ്പലിൽ നാണംകെട്ട് അള്ളിപ്പിടിച്ചിരുന്ന് അപമൃത്യു വരിക്കണമോയെന്ന് ഇവർ ഗാഢമായി ചിന്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോൺഗ്രസിൽ ഉടൻ സ്ഥാനമാനങ്ങളൊന്നും ലഭിക്കില്ലെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിൽ സജീവമാവുകയും പാർട്ടി കൂറുതെളിയിക്കുകയും ചെയ്താൽ ഭാവിയിൽ ഇവർക്കെല്ലാം അർഹമായ പരിഗണന ലഭിക്കുമെന്ന് ഉറപ്പാണ്.

സിപിഎം പുറമ്പോക്കിൽ അപമാനം സഹിച്ചു കഴിയുന്ന, കോൺഗ്രസിൽ ദീർഘകാല പാരമ്പര്യവും വേരുകളും സൗഹൃദബന്ധങ്ങളും ഉള്ളവർ മരിക്കുമ്പോൾ ചുവന്ന പതാകയാണോ ത്രിവർണ പതാകയാണോ പുതയ്ക്കേണ്ടതെന്നു കൂടി ആലോചിക്കുന്നത് നന്നായിരിക്കുമെന്നും ചെറിയാൻ ഫിലിപ്പ് പറഞ്ഞു.

സീറ്റ് ഉറപ്പിച്ച് പ്രചാരണം, വികസന കണക്കും നിരത്തി; ഒടുവിൽ എൽദോസ് കുന്നപ്പിള്ളിക്ക് സീറ്റില്ല

കൊച്ചി: പെരുമ്പാവൂരിൽ എൽദോസ് കുന്നപ്പിള്ളിക്ക് സീറ്റില്ല. ലൈംഗികാതിക്രമ കേസ് കോടതി പരിഗണനയിലുള്ളതാണ് സ്ഥാനാർഥി ആകുന്നതിൽ തടസമായത്. എൽദോസിന് പകരം പെരുമ്പാവൂരിൽ ഉല്ലാസ് തോമസിനെയും മനോജ് മൂത്തേടത്തിനെയുമാണ് പരിഗണിക്കുന്നത്.

പെരുമ്പാവൂരിൽ രണ്ടു തവണ വിജയിച്ച സ്ഥാനാർഥിയാണ് എൽദോസ് കുന്നപ്പിള്ളി. ഏറെ ജനകീയനായ സ്ഥാനാർഥി ആയിരുന്നു എൽദോസ് കുന്നപ്പിള്ളിയെങ്കിലും ലൈംഗികാതിക്രമ കേസാണ് തിരിച്ചടിയത്.

സീറ്റ് ഉറപ്പിക്കാനായി എൽദോസ് ഡൽഹിയിലെത്തി കേന്ദ്ര നേതാക്കളെ കണ്ടിരുന്നു. അതിനാൽ തന്നെ മൂന്നാമതും താൻ മത്സരിക്കുമെന്നും എൽദോസ് കുന്നപ്പിള്ളി തന്നെ ദീപിക ഓൺലൈനോട് സ്ഥിരീകരിച്ചിരുന്നു.

എന്നാൽ സ്ഥാനാർഥിത്വത്തിൽ അവ്യക്തത തുടരുന്ന നിലവിലെ സാഹചര്യത്തിൽ എൽദോസ് പ്രതികരിച്ചിട്ടില്ല. തന്നെ പിന്തുണയ്ക്കണമെന്ന് മാധ്യമങ്ങളോടും എൽദോസ് കുന്നപ്പിള്ളി അഭ്യർഥിച്ചിരുന്നു. പെരുമ്പാവൂരിൽ തനിക്ക് വളരെ അനുകൂല സാഹചര്യമാണ്.

പത്തു വർഷമായി എംഎൽഎയാണ്. നല്ല ലീഡിൽ ജയിക്കാൻ പറ്റും. പെരുമ്പാവൂരിലെ ആളുകൾ പിന്തുണയ്ക്കും. കേന്ദ്ര നേതൃത്വത്തിൽ നിന്നും അനുകൂലമായ നിലപാടാണ് ലഭിച്ചത് എന്ന് എൽദോസ് കുന്നപ്പിള്ളി പ്രതികരിച്ചിരുന്നു. മാത്രമല്ല സ്ഥാനാർഥി പ്രഖ്യാപനത്തിന് മുമ്പേ തന്നെ പെരുമ്പാവൂർ മണ്ഡലത്തിൽ താൻ നടത്തിയ വികസനങ്ങളുടെ കണക്ക് എൽദോസ് പുറത്തുവിട്ടിരുന്നു.

പത്തു വർഷം കൊണ്ട് 2500 കോടിയുടെ വികസനമാണ് നടത്തിയതെന്നും 15,000 വീടുകൾ സന്ദർശിച്ച് ഗ്രാമയാത്ര നടത്തിയെന്നും ഫെയ്സ്ബുക്ക് കുറിപ്പുകളിലൂടെ എൽദോസ് കുന്നിപ്പിള്ളി പങ്കുവച്ചിരുന്നു. പെരുമ്പാവൂരിൽ വലിയൊരു പ്രശ്നമായി മാറിയ ഭായ് കോളനി സന്ദർശിച്ച് നടപടികൾ സ്വീകരിച്ചതും വാർത്തകളിൽ ഇടം നേടിയിരുന്നു.

കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരം ജി. രാധാകൃഷ്ണന്

തിരുവനന്തപുരം: കളരിപ്പയറ്റ് മേഖലയ്ക്കു നൽകിയ സമഗ്ര സംഭാവന പരിഗണിച്ച് ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻറെ ടെക്നിക്കൽ ഡയറക്ടറും കേരള കളരിപ്പയറ്റ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ ജി. രാധാകൃഷ്ണനെ കേരള ഫോക്‌ലോർ അക്കാദമിയുടെ പുരസ്കാരത്തിനു തെരഞ്ഞെടുത്തു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ അംഗീകാരമുള്ള കേരള കളരിപ്പയറ്റ് അസോസിയേഷൻ നടത്തിയ സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മത്സരങ്ങളിൽ 1986 മുതൽ 1998 വരെ മെയ്ത്താരി, കോൽത്താരി, അങ്കത്താരി, വെറുംകൈ വിഭാഗങ്ങളിലെ പത്തിനങ്ങളിൽ ചാമ്പ്യനായിരുന്നു. കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച മത്സരങ്ങളിലും ആറു തവണ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിൻറെ ഡിസ്ട്രിക്ട് മാർഷൽ ആർട്സ് ട്രെയിനിംഗ് സെൻററിലും സ്പോർട്സ് അഥോറിറ്റി ഓഫ് ഇന്ത്യയുടെ പ്രാദേശിക പരിശീലന കേന്ദ്രത്തിലും കോച്ചായിരുന്നു.

ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിനുവേണ്ടി ദക്ഷിണ കൊറിയയിലെ ചിങ് ചുവിൽ നടന്ന ലോക ആയോധനകലോത്സവത്തിലും ടോക്കിയോയിൽ നടന്ന ഇൻഡോ-ജപ്പാൻ സൗഹൃദത്തിൻറെ അറുപതാം വാർഷികാഘോഷത്തിലും കളരിപ്പയറ്റ് അവതരിപ്പിച്ചു. നിലവിൽ ബോധിധർമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർഷൽ ആർട്ട്സിലും പൂന്തുറ സോമൻ കളരിപ്പയറ്റ് അക്കാദമിയിലും മുഖ്യപരിശീലകനായി പ്രവർത്തിച്ചുവരുന്നു.

ജിമ്മിൽ വ്യായാമത്തിനിടെ യുവാവ് കുഴഞ്ഞു വീണു മരിച്ചു

കോട്ടയം: പാലാ ഉഴവൂരിൽ ജിമ്മിൽ വ്യായാമത്തിനിടെ യുവാവ് കുഴഞ്ഞു വീണു മരിച്ചു. അണ്ടൂർ മരങ്ങാട്ടുപിള്ളി ഐരാറ്റിൽ ഹരിദാസ് പണിക്കർ ആണ് മരിച്ചത്.

കുഴഞ്ഞു വീണ ഉടൻതന്നെ ഉഴവൂർ ഗവൺമെൻറ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മരങ്ങാട്ടുപിള്ളി പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. മൃതദേഹം പാലാ ജനറൽ ആശുപത്രി മോർച്ചറിയിൽ.

സ്കൂൾ വാർഷികം

വെണ്ണിക്കുളം: വെള്ളാറ മേമല എംഡി യുപി സ്കൂളിൻറെ 112 ാമത് വാർഷികവും അനുമോദനവും രക്ഷാകർത്തൃ സമ്മേളനവും സംയുക്തമായി നടന്നു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അനീഷ് വരിക്കണ്ണാമല ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ പിടിഎ പ്രസിഡൻറ് ജി. അനീഷ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. വി. രശ്മിമോൾ, പുറമറ്റം പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഏലിയാമ്മ വർഗീസ്, പഞ്ചായത്ത് മെംബർമാരായ സാബു തോമസ്, ജെനി കെ. ജോൺ, ഗൗരി രാജേഷ്, ഫാ. തോമസ് ചാക്കോ, പ്രവാസി സംസ്കൃതി അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജേക്കബ് കൈതാരം, പ്രധാനാധ്യാപിക സോമി വർഗീസ്, വെണ്ണിക്കുളം ബിപിസി എൽ. ലെസി, ജോർജ് ഫിലിപ്പ്, രേഷ്മ രാജൻ, സുഭി സുരേന്ദ്രൻ, സ്നേഹ റേച്ചൽ ഈപ്പൻ, ഏഞ്ചൽ കെ. ബൈജു എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന അധ്യാപക കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടിയ അധ്യാപിക സുഭി സുരേന്ദ്രനെയും സ്കൂൾ കലാകായിക മത്സരങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെയും ചടങ്ങിൽ ആദരിച്ചു.

പെരുമ്പെട്ടി: അത്യാൽ എംറ്റിഎൽപി സ്കൂളിൻറെ 111 ാമത് വാർഷികാഘോഷവും രക്ഷാകർത്തൃ സമ്മേളനവും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശോശാമ്മ തോമസ് ഉദ്ഘാടനം ചെയ്തു. ലോക്കൽ മാനേജർ റവ. ഏബ്രഹാം സി. തര്യൻ അധ്യക്ഷത വഹിച്ചു. കൊറ്റനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ബിന്ദു സജി, വൈസ് പ്രസിഡൻറ് ആശിഷ് പാലയ്ക്കാമണ്ണിൽ, പഞ്ചായത്ത് അംഗം കെ. കെ. അനിൽകുമാർ, പഞ്ചായത്ത് മുൻ ഭരണസമിതി അംഗങ്ങളായ ഉഷാ സുരേന്ദ്രനാഥ്, ഇന്ദു എം. നായർ, സ്കൂൾ പ്രഥമാധ്യാപിക ഏലിയാമ്മ ജോസഫ്, കോശി ഏബ്രഹാം, റ്റി. കെ. ശോശാമ്മ, പ്രിൻസി ഏബ്രഹാം, എ. കെ. വിനീത, പി. ബി. ആമിന, അപർണ ശശി, എയ്ഞ്ചൽ എം. സുധീഷ് എന്നിവർ പ്രസംഗിച്ചു.

ഉന്തുവണ്ടിക്കാരനെ അടിച്ചുവീഴ്ത്തി പണം കവർന്ന യുവാക്കൾ അറസ്റ്റിൽ

നെടുമങ്ങാട്: ഗുണ്ടാപ്പിരിവ് നൽകാത്തതിന് ഉന്തുവണ്ടി കച്ചവടക്കാരനെ മർദിക്കുകയും പണം പിടിച്ചുപറിക്കുകയും ചെയ്ത വിതുര ബോണക്കാട് പത്തുമുറിലയം ബിഎ ഡിവിഷനിൽ വിജയ് (26), വിതുര കളിക്കൽ പ്ലാങ്കാല കട്ടയ്കാൽ വീട്ടിൽ ഗോകുൽ (21), പരപ്പാറ മരുതുംമൂട് പ്രശാന്ത് ശ്രുതി ഭവനിൽ പ്രശാന്ത് (22) എന്നിവരെ നെടുമങ്ങാട് പൊലീസ് അറസ്റ്റ് ചെയ്തു.

കഴിഞ്ഞ നാലിന് രാത്രി പത്തരയോടെ പഴകുറ്റിയിൽ ഉന്തുവണ്ടിയിൽ ഫാസ്റ്റ് ഫുഡ് വില്പന നടത്തുന്ന തിരുനെൽവേലി സ്വദേശി ശിവയെ കാറിലെത്തിയ മൂവർ സംഘം അടിച്ചുവീഴ്ത്തി അയ്യായിരം രൂപയുമായി കടന്നുകളയുകയായിരുന്നു.

പോലീസിൻറെ റൗഡി ഹിസ്റ്ററി ലിറ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണു പ്രതികൾ. ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിൽ തൊളിക്കോട് നെടുമങ്ങാട് എസ്എച്ച്ഒ പി. കെ. മോഹിത്, എസ്ഐ മുഹ്സിൻ മുഹമ്മദ്സി, എഎസ്ഐ ബിജു, രജിത്, സിപിഒ മഹേഷ് എന്നിവരടങ്ങിയ സംഘം അറസ്റ്റ് ചെയ്ത പ്രതികളെ നെടുമങ്ങാട് കോടതി റിമാൻഡ് ചെയ്തു.

നാട്ടൊരുമ നോമ്പുതുറ സംഗമം

പാറശാല: പൊഴിയൂർ മസ്ജിദിൽ നാട്ടൊരുമ നോമ്പുതുറ സംഗമം സംഘടിപ്പിച്ചു. ടൗൺ മസ്ജിദ് ഹാളിൽ നടന്ന സംഗമസദസ് ഇമാം ആൽ ഹാഫിള് നൗഫൽ ഹുദവി ഉദ്ഘാടനം ചെയ്തു. ജമാഅത്ത് അംഗമായ ജില്ലാ ആൻഡ് സെഷൻസ് ജഡ്ജി ഷാജഹാൻ, പാറശാല താലൂക്ക് ഹെഡ് ക്വട്ടേഴ്സ് ആശുപത്രിയിലെ ആർഎംഒ ഡോ. എ. ജെയിൻ, ആസ്പയർ ഡയറക്ടർ ഷമ്മി കപൂർ, സാമൂഹ്യ പ്രവർത്തകൻ പോൾസൺ എന്നിവർ റംസാൻ സന്ദേശം നൽകി. ജമാഅത്ത് പ്രസിഡൻറ് സുലൈമാൻ, സെക്രട്ടറി എം. എസ്. ജലാൽ, ട്രഷറർ ചാമവിള ഷാനവാസ്, ജോയിൻറ് സെക്രട്ടറി മുനീർ എന്നിവർ സംഗമത്തിനു നേതൃത്വം നൽകി.

ദക്ഷിണാഫ്രിക്കയ്ക്കെതിരായ രണ്ടാം ടി20; ന്യൂസിലൻഡിന് മികച്ച സ്കോർ

ഹാമിൽട്ടൺ: ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടൻറി 20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ന്യൂസിലൻഡിന് മികച്ച സ്കോർ. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 175 റൺസാണെടുത്തത്.

ഡിവോൺ കോൺവെയുടെ അർധ സെഞ്ചുറിയുടെ ബലത്തിലാണ് കിവീസ് മികച്ച സ്കോർ പടുത്തുയർത്തിയത്. കോൺവെ 60 റൺസാണെടുത്തത്. അഞ്ച് ബൗണ്ടറിയും നാല് സിക്സും അടങ്ങുന്നതായിരുന്നു കോൺവെയുടെ ഇന്നിംഗ്സ്.

ജോഷ് ക്ലർക്ക്സൺ 26 റൺസും നിക്ക് കെല്ലി 21 റൺസും നായകൻ മിച്ചൽ സാൻറ്നർ 20 റൺസുമെടുത്തു. ദക്ഷിണാഫ്രിക്കയ്ക്ക് വേണ്ടി വിയാൻ മുൾഡർ രണ്ട് വിക്കറ്റും ജെറാൾഡ് കോട്ട്സെയും ഒട്ടിനെയ്ൽ ബാർട്ട്മാൻ നായകൻ കേശവ് മഹാരാജ് ജോർജ് ലിൻഡെ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

കോക്കോതമംഗലം എൽപി സ്കൂൾ വാർഷികാഘോഷം

നെടുമങ്ങാട്: കോക്കോതമംഗലം ഗവ. എൽപി സ്കൂളിലെ സ് കൂൾ വാർഷികം - മഴവില്ല് - അരുവിക്കര പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബി. എസ്. രഞ്ജിത ഉദ്ഘാടനം ചെയ്തു. കരുണസായി ഡയറക്ടർ ഡോ. എൽ. ആർ. മധുജൻ, പ്രശസ്ത സിനിമ, സീരിയൽതാരം കിഷോർ, പഞ്ചായത്ത് അംഗങ്ങളായ രജിത, ദിലീപ്, വി. ശശികുമാർ, ബ്ലോക്ക് മെമ്പർ ബിന്ദു, മുൻ അരുവിക്കര പഞ്ചായത്ത് പ്രസിഡൻറ് കളത്തറ മധു, പ്രധാനാധ്യാപിക വി. ലേഖ, പിടിഎ പ്രസിഡൻറ് ഷൈബ, എസ്എംസി ചെയർമാൻ ശ്രീജിത്ത് മോഹൻ, സ്റ്റാഫ് സെക്രട്ടറി വി. വീണ, പ്രോഗ്രാം കോ-ഓർഡിനേറ്റർ എൽ. ജീവ, സ്കൂൾ ലീഡർ അഭിരാം എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾക്കുശേഷം സമ്മാനദാനവും നടന്നു.

മുള്ളൻപന്നിയെ തല്ലിക്കൊന്ന കേസ്; വെള്ളനാട് ശശിയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി

ഇടുക്കി: മുള്ളൻപന്നിയെ തല്ലിക്കൊന്ന കേസിൽ വെള്ളനാട് പഞ്ചായത്ത് പ്രസിഡൻറും സിപിഎം വെള്ളനാട് ശശിയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. തിരുവനന്തപുരം സെഷൻസ് കോടതിയാണ് അപേക്ഷ തള്ളിയത്. ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്ന വ്യക്തി ചെയ്ത കുറ്റത്തെ ചെറുതായി കാണാൻ കഴിയില്ലെന്ന് കോടതി നിരീക്ഷിച്ചു. പ്രാണരക്ഷാർഥമാണ് മുള്ളൻ പന്നിയെ തല്ലിക്കൊന്നത് എന്നായിരുന്നു ജാമ്യാപേക്ഷയിൽ വെള്ളനാട് ശശിയുടെ വാദം.

നെടുമങ്ങാട് നിയോജക മണ്ഡലം എൽഡിഎഫ് കൺവൻഷർ നാളെ

നെടുമങ്ങാട്: നെടുമങ്ങാട് നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി ജി. ആർ. അനിലിനെ വിജയിപ്പിക്കുന്നതിനുള്ള നിയോജക മണ്ഡലം തെരഞ്ഞെടുപ്പു കൺവൻഷൻ നാളെ വൈകുന്നേരം നാലിനു നെടുമങ്ങാട് കല്ലിംഗൽ ഗ്രീൻലാൻറ് ഓഡിറ്റോറിയത്തിൽ നടക്കും.

സിപിഎം കേന്ദ്രകമ്മിറ്റി യംഗം പുത്തലത്ത് ദിനേശൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. എ. എ. റഹീം എംപി, മാങ്കോട് രാധാകൃഷ്ണൻ, ബി. സത്യൻ, കെ. എസ്. അരുൺ എന്നിവർ സംസാരിക്കും. നെടുമങ്ങാട് നഗരത്തിൽ സജ്ജീകരിച്ച കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിറ്റി ഓഫീസ് സിപിഐ കേന്ദ്ര സെക്രട്ടേറിയറ്റംഗം പി. സന്തോഷ്കുമാർ എം പി ഉദ്ഘാടനം ചെയ്യും.

കൺവൻഷനും അനുബന്ധ പരിപാടികളും വിജയിപ്പിക്കാൻ മതേതര വിശ്വാസികൾ അണിനിരക്കണമെന്ന് എൽഡിഎഫ് നെടുമങ്ങാട് നിയോജക മണ്ഡലം കൺവീനർ ആർ. ജയദേവൻ, കെ. പി. പ്രമോഷ്, പാട്ടത്തിൽ ഷെരീഫ് എന്നിവർ അഭ്യർഥിച്ചു.

കാരക്കോണം മെഡിക്കൽ കോളജിൽ കെഎസ്ആർടിസി ബജറ്റ് ടൂർ

വെള്ളറട: കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതി അനുസരിച്ച് പാറശാല ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസിൻറെ സർവീസ് കാരക്കോണം സോമർവെൽ സിഎസ്ഐ മെഡിക്കൽ കോളജ് കാമ്പസിൽ സി. കെ. ഹരീന്ദ്രൻ എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. കുന്നത്തുകാൽ പഞ്ചായത്ത് പ്രസിഡൻറ് എച്ച്. എസ്. അരുൺ അധ്യക്ഷത വഹിച്ചു. പാറശാല എടിഒ ഭദ്രൻ, മെഡിക്കൽ കോളജ് പിആർഒ എസ്. മോഹൻരാജ്, ടൂർ കോ-ഓർഡിനേറ്റർ സതീഷ് കുമാർ, ജിനു കുമാർ, വെഹിക്കിൾ സൂപ്പർവൈസർ പത്മകുമാർ, മെഡിക്കൽ കോളജ് വെഹിക്കിൾ സൂപ്രണ്ട് സനിൽകുമാർ എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ കോളജിലെ വിദ്യാർഥികളുടെയും ജീവനക്കാരുടെയും സാന്നിധ്യം കൂടുതൽ ആവേശം പകർന്നു.

മതസാഹോദര്യത്തിൽ കേരളം ലോകത്തിന് മാതൃക: എൻ. കെ. പ്രേമചന്ദ്രൻ എംപി

തെന്മല: കേരളം മത സാഹോദര്യത്തിൽ കാണിക്കുന്ന സൗഹൃദവും പരസ്പര സഹകരണവും ലോകത്തിന് തന്നെ മാതൃകയാണെന്ന് എൻ. കെ. പ്രേമചന്ദ്രൻ എംപി. ഇടമൺ താജുൽ ഇസ്ലാം ജമാഅത്തിനറ ആഭിമുഖ്യത്തിൽ നടന്ന ഇഫ്താർ സൗഹൃദ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ജമാഅത്ത് പ്രസിഡൻറ് ഇടമൺ ടി. ജെ. സലിം അധ്യക്ഷനായി. റംസാനോടനുബന്ധിച്ച് ജമാഅത്ത് നൽകുന്ന റിലീഫ് വിതരണവും ചികിത്സാസഹായ വിതരണവും ചടങ്ങിൽ എംപി നിർവഹിച്ചു. പി. എസ്. സുപാൽ എംഎൽഎ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എബി ഷൈനു, ഫാ. ജോജോ ജോൺ, കെ. ശശിധരൻ, ജമാഅത്ത് ചീഫ് ഇമാം മുഹമ്മദ് സലീം മന്നാനി, എം. നാസർ ഖാൻ, എം. എം. ജലീൽ, അബ്ദുൽ ഹക്കീം, ബി. വർഗീസ്, ആലഞ്ചേരി ജമാഅത്ത് പ്രസിഡൻറ് എസ്. നാസർ, സുമേഷ്, രഞ്ജിത്ത് പുല്ലരിമല, പ്രസാദ് ജേക്കബ്, ഗോപിനാഥൻ പിള്ള,നവാസ്,എ. സലിം, ടി. കബീറുദീൻ,ശിഹാബ്,ശരീഫ്, എ. മജീദ് എന്നിവർ പ്രസംഗിച്ചു.

വനിതാ ഹെൽത്ത് ഇൻസ്പെക്ടർക്ക് സലൂൺ ഉടമയുടെ വധഭീഷണി

മലയിൻകീഴ്: സലൂണിൽനിന്നുള്ള മാലിന്യം വലിച്ചെറിഞ്ഞതിന് ഫൈൻ ഈടാക്കിയതിൻറെ ദേഷ്യത്തിൽ മലയിൻകീഴ് പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ മിനികുമാരിക്കു നേരെ സലൂൺ ഉടമയുടെ അസഭ്യവർഷവും വധഭീഷണിയും.

സംഭവത്തിൽ തിരുമലയിൽ ഫാമിലി സലൂൺ നടത്തുന്ന വിമുക്തഭടൻ ശിവപ്രകാശിനെതിരെ പഞ്ചായത്ത് പ്രസിഡൻറ് നിയാദുൾ അക്സർ പരാതി നൽകി. ഇക്കഴിഞ്ഞ ദിവസം ബൈക്കിൽ നാല് പ്ലാസ്റ്റിക്ക് കവറുകളിൽ സലൂണിൽ നിന്നുള്ള മാ ലിന്യം മച്ചേൽ പാലത്തിനുസമീപം നിക്ഷേപിച്ചിരുന്നു. പരിശോധനയിൽ എല്ലോ ബ്ലാക്ക് ഫാമിലി സലൂണിൻറെ മേൽവിലാസം ലഭിച്ചതനുസരിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഫോൺ ചെയ്ത് ശിവപ്രകാശിനെ പഞ്ചായത്ത് ഓഫീസിൽ വിളിച്ചുവരുത്തി.

മാലിന്യനിക്ഷേപം നടത്തില്ലെന്നും ക്ഷമിക്കണമെന്നുമാണ് ശിവപ്രകാശ് അറിയിച്ചത്. ഇതോടെ ഫൈൻ തുകയിൽ കുറവ് ചെയ്ത് നൽകിയെങ്കിലും പണം അടച്ചിരുന്നില്ല.

നെയ്യാറ്റിൻകര നഗരസഭ പരിധിയിൽ അനധികൃത നിർമാണ പ്രവൃത്തികളെന്ന് ആക്ഷേപം

നെയ്യാറ്റിൻകര: നഗരസഭ പരിധിയിൽ അനധികൃത നിർമാണ പ്രവർത്തനങ്ങൾ വ്യാപകമെന്ന് ആക്ഷേപം. ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്നും ആരോപണം. നെയ്യാറ്റിൻകര നഗരസഭയിലെ കൗൺസിലർ ജോജിൻ കഴിഞ്ഞ ദിവസം കൗൺസിൽ യോഗത്തിൽ ഇക്കാര്യം ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചു. നഗരസഭയിൽ അദ്ദേഹം നേരിട്ട് ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നിർമാണം നിർത്തിവയ്ക്കണമെന്ന നിർദേശം നൽകി.

എന്നാൽ അനധികൃതമാണ് ഈ നിർമാണം എന്ന തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നഗരസഭയുടെ എല്ലാ വാർഡുകളിലും അനധികൃത നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് യോഗത്തിൽ സന്നിഹിതയായിരുന്ന മുനിസിപ്പൽ എൻജിനീയർ പ്രതികരിച്ചു.

ഒരിടത്തെ പ്രശ്നം അവസാനിപ്പിക്കാൻ ചെല്ലുന്പോൾ തൊട്ടപ്പുറത്ത് അതിനെക്കാൾ വലിയ വിഷയം നിലവിലുണ്ടെന്ന അവസ്ഥയാണിവിടെ. എന്നാൽ അത്തരം അനധികൃത നിർമാണ പ്രവർത്തനങ്ങളിൽ നഗരസഭ കൃത്യമായി നോട്ടീസ് നൽകുകയും അവ പൊളിച്ചു മാറ്റുവാൻ നിർദേശിക്കുകയും ചെയ്യാറുണ്ടെന്നും എഞ്ചിനീയർ അറിയിച്ചു.

നഗരസഭ ഈ വിഷയം ഗൗരവമായി കാണുന്നുവെന്നും കർശന നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമെന്നും നഗരസഭ ചെയർപേഴ്സൺ ഡബ്ല്യൂ.

ഗൾഫ് രാജ്യങ്ങൾക്കു നേരേ വ്യാപക ആക്രമണം; അബുദാബിയിൽ ഒരു മരണം

ദുബായ്: ഇറാനിൽനിന്ന് രാജ്യത്തിനുനേരേ അയച്ച ആറു ബാലിസ്റ്റിക് മിസൈലുകളും 21 ഡ്രോണുകളും ഇന്നലെ വ്യോമ പ്രതിരോധ സംവിധാനം തകർത്തതായി യുഎഇ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

ഇറാൻറെ ആക്രമണം ആരംഭിച്ചതിനുശേഷം രാജ്യത്തിൻറെ പ്രതിരോധ സംവിധാനം മൊത്തം 304 ബാലിസ്റ്റിക് മിസൈലുകളും 15 ക്രൂസ് മിസൈലുകളും 1,627 ഡ്രോണുകളും പ്രതിരോധിച്ചതായും മന്ത്രാലയം വ്യക്തമാക്കി.

അതേസമയം അബുദാബിയിലെ അൽ ബാഹിയ ജില്ലയിൽ ഓടിക്കൊണ്ടിരുന്ന കാറിനു മുകളിലേക്ക് മിസൈൽ വീണ് പലസ്തീൻ പൗരൻ മരിച്ചു. ഇതോടെ കഴിഞ്ഞ ഫെബ്രുവരി 28ന് ആരംഭിച്ച ആക്രമണങ്ങളിൽ രാജ്യത്ത് മരിച്ചവരുടെ എണ്ണം ഏഴായി. 145 പേർക്കു പരിക്കേൽക്കുകയും ചെയ്തതായും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

റിയാദിലും കിഴക്കൻ പ്രവിശ്യയിലും സൗദി അറേബ്യ ലക്ഷ്യമിട്ടെത്തിയ വൻ വ്യോമാക്രമണ നീക്കങ്ങളെ പ്രതിരോധ സേന വിജയകരമായി തകർത്തു. ഇന്നലെ മാത്രം ഒന്പത് മണിക്കൂറിനിടെ എത്തിയ 64 ഡ്രോണുകൾ സൗദി വ്യോമസേന വെടിവച്ചിട്ടതായി പ്രതിരോധ മന്ത്രാലയ വക്താവ് മേജർ ജനറൽ തുർക്കി അൽമാലിക്കി അറിയിച്ചു.

രാജ്യത്തെ തന്ത്രപ്രധാനമായ ഊർജനിലയങ്ങളെ ലക്ഷ്യംവച്ചായിരുന്നു ഈ ആക്രമണങ്ങളെല്ലാം. പ്രത്യേകിച്ച് ഷൈബ എണ്ണപ്പാടത്തിനുനേരേ 70ലധികം ഡ്രോണുകൾ അയച്ചെങ്കിലും അവ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് മുന്പുതന്നെ റുബ് അൽ ഖാലി മണലാരണ്യത്തിന് മുകളിൽ വച്ച് സൈന്യം വെടിവച്ചിട്ടു.

കൂടാതെ റിയാദിന് കിഴക്ക് ഖർജിലുള്ള അമീർ സുൽത്താൻ എയർബേസ്, കിഴക്കൻ പ്രവിശ്യയിലെ റാസ് തന്നൂറ റിഫൈനറി, റിയാദിലെ നയതന്ത്രപ്രതിനിധികളുടെ ക്വാർട്ടേഴ്സ്, യുഎസ് എംബസി എന്നിവിടങ്ങൾ ലക്ഷ്യമിട്ടു നടന്ന വിവിധ ആക്രമണശ്രമങ്ങളും പ്രതിരോധസേനയുടെ കരുത്തിൽ പരാജയപ്പെട്ടു.

ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ച് ഇറാൻ നടത്തുന്ന ആക്രമണങ്ങൾ സിവിലിയൻ പ്രദേശങ്ങളെയും അടിസ്ഥാന സൗകര്യങ്ങളെയും ലക്ഷ്യമിടുന്നുവെന്ന് ഖത്തർ ശൂറ കൗൺസിൽ ആരോപിച്ചു.

ആക്രമണങ്ങളിൽ 65 ശതമാനവും രാജ്യത്തെ ഊർജനിലയങ്ങളെയും സിവിലിയൻ കേന്ദ്രങ്ങളെയുമാണ് ലക്ഷ്യം വയ്ക്കുന്നതെന്നും കൗൺസിൽ വിശദീകരിച്ചു. ആക്രമണത്തെ ശക്തമായി അപലപിച്ച ശൂറ കൗൺസിൽ, ഇത് ഖത്തറിൻറെ പരമാധികാരത്തിനുനേരേയുള്ള ലംഘനവും ദേശീയ സുരക്ഷ, പ്രദേശിക സമഗ്രത, ദേശീയ താത്പര്യങ്ങൾ എന്നിവയ്ക്കെതിരായ കടന്നുകയറ്റവുമാണെന്നും വ്യക്തമാക്കി.

ഇറാൻറെ ന്യായീകരണങ്ങളെ കൗൺസിൽ പൂർണമായും തള്ളിക്കളഞ്ഞു. ഇറാനുമായി ചർച്ചകൾക്ക് മുൻകൈയെടുത്ത രാജ്യമാണ് ഖത്തർ. ഇറാനും അന്താരാഷ്ട്ര സമൂഹവും തമ്മിലുള്ള സംഭാഷണങ്ങൾ സുഗമമാക്കുന്നതിന് ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നിരിക്കേ നല്ല അയൽപക്ക ബന്ധത്തിന് വിരുദ്ധമായി ഇറാൻ നടത്തുന്ന ആക്രമണങ്ങൾ വഞ്ചനാപരമാണെന്നും കൗൺസിൽ വ്യക്തമാക്കി.

ഇക്വഡോറിൽ കടലിൽ മുങ്ങിത്താഴ്ന്ന അൾത്താരബാലന്മാരെ രക്ഷിക്കുന്നതിനിടെ രണ്ടു വൈദികർ മുങ്ങിമരിച്ചു

ക്വിറ്റോ: ഇക്വഡോറിൽ കടൽത്തീരത്തു മുങ്ങിത്താഴുകയായിരുന്ന അൾത്താരബാലന്മാരെ രക്ഷിക്കുന്നതിടെ രണ്ടു വൈദികർ മുങ്ങിമരിച്ചു. ഫാ. അൽഫോൻസോ അവിലസ് പെരെസ് (59), ഫാ. പെദ്രോ അൻസോട്ടെഗുയി (44) എന്നിവരാണു മരിച്ചത്.

കഴിഞ്ഞദിവസം തീരദേശനഗരമായ പ്ലേയാസിലായിരുന്നു സംഭവം. അൾത്താരശുശ്രൂഷകർക്കായി സംഘടിപ്പിച്ച നോമ്പുകാല ധ്യാനത്തിൽ പങ്കെടുക്കാനെത്തിയവരാണു കടലിൽ കുളിക്കുന്നതിനിടെ മുങ്ങിത്താഴ്ന്നത്. വിവരമറിഞ്ഞെത്തിയ ഫാ. അൽഫോൻസോയും ഫാ. പെദ്രോയും അൾത്താരബാലന്മാരെ രക്ഷിക്കാൻ കടലിലേക്ക് ഇറങ്ങുകയായിരുന്നു. ഇവരെ രക്ഷിക്കാൻ കഴിഞ്ഞെങ്കിലും വൈദികർക്കു ജീവൻ നഷ്ടമായി.

സ്പെയിനിലെ മുർസിയ സ്വദേശിയും ഈശോസഭാംഗവുമായ ഫാ. അൽഫോൻസോ ദൗൾ രൂപതയിലെ സാൻ ആർബെർട്ടോ മാഗ്നോ ഇടവക വികാരിയാണ്. 1990ൽ പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം മൂന്നു പതിറ്റാണ്ടായി സ്പെയിനിൽ ശുശ്രൂഷ ചെയ്തുവരികയായിരുന്നു.

ഗുയാഖിൽ അതിരൂപതയ്ക്കുവേണ്ടി 1982ൽ പൗരോഹിത്യം സ്വീകരിച്ച ഫാ. പെദ്രോ അൻസോട്ടെഗുയി അതിരൂപതയ്ക്കു കീഴിലെ സാൻ ജസിന്തോ രൂപതയിലെ സാന്താക്രൂസ് ദെ ദുരാൻ ഇടവക വികാരിയായി ശുശ്രൂഷ ചെയ്തുവരികയായിരുന്നു.

ശനിയാഴ്ച നടന്ന വൈദികരുടെ സംസ്കാരശുശ്രൂഷയിൽ ഗുയാഖിൽ അതിരൂപത ആർച്ച്ബിഷപ് കർദിനാൾ ലൂയിസ് കാബ്രെര മുഖ്യകാർമികത്വം വഹിച്ചു.

സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന വചനം ജീവിതത്തിൽ സ്വാംശീകരിച്ചവരാണ് ഈ വൈദികരെന്ന് കർദിനാൾ പറഞ്ഞു. സംസ്കാരശുശ്രൂഷകളിൽ ഇക്വഡോർ പ്രസിഡൻറിൻറെ ഭാര്യ ഡാനിയേൽ നൊബോവ, പ്രസിഡൻറിൻറെ അമ്മ അന്നബെല്ല അസിൻ എന്നിവരുൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു.

ആർഎസ്എസിന് ഉപരോധമേർപ്പെടുത്തണം: ട്രംപിനോട് അമേരിക്കൻ മതസ്വാതന്ത്ര്യ കമ്മീഷൻ

വാഷിംഗ്ടൺ ഡിസി: ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരേ നിരന്തരം ആക്രമണം നടത്തുന്ന ആർഎസ്എസിനെതിരേ ഉപരോധമേർപ്പെടുത്തണമെന്ന് ട്രംപ് ഭരണകൂടത്തോട് അമേരിക്കൻ മതസ്വാതന്ത്ര്യ കമ്മീഷൻ.

ഇന്ത്യയുടെ വിദേശ രഹസ്യാന്വേഷണ ഏജൻസിയായ റിസർച്ച് ആൻഡ് അനാലിസിസ് വിംഗിനെയും (റോ) ഉപരോധപട്ടികയിൽ ഏർപ്പെടുത്തണമെന്നും പാനലിൻറെ ശിപാർശയുണ്ട്. ഉപരോധത്തിൻറെ ഭാഗമായി ഇവരുടെ സ്വത്തുക്കൾ മരവിപ്പിക്കാനും യുഎസിലേക്കുള്ള പ്രവേശനം വിലക്കാനും പാനൽ ശിപാർശ ചെയ്തു.

ഈ മാസം നാലിന് പുറത്തിറക്കിയ വാർഷിക റിപ്പോർട്ടിലാണ് കമ്മീഷൻ ഈ ആവശ്യങ്ങൾ ഉന്നയിച്ചത്. യുഎസ് പൗരന്മാർക്കും ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കും നേരേയുള്ള ഭീഷണികൾ തുടരുന്ന സാഹചര്യത്തിൽ ആയുധ കയറ്റുമതി നിയന്ത്രണ നിയമത്തിലെ സെക്ഷൻ 6 കർശനമായി നടപ്പാക്കാനും ഇന്ത്യക്കുള്ള ആയുധവില്പന നിർത്തിവയ്ക്കാനും കമ്മീഷൻ ആവശ്യപ്പെട്ടു.

വിദേശ സംഭാവന നിയന്ത്രണ നിയമം (എഫ്സിആർഎ), യുഎപിഎ, സിഎഎ, എൻസിആർ, 2025ലെ വഖഫ് ബിൽ തുടങ്ങി മതന്യൂനപക്ഷങ്ങളെ ലക്ഷ്യമിട്ടുള്ള നിരവധി വിവേചനപരമായ നിയമങ്ങൾ ഇന്ത്യൻ സർക്കാർ നടപ്പാക്കുന്നതായി റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

അതേസമയം, യുഎസ് മതസ്വാതന്ത്ര്യ കമ്മീഷൻ റിപ്പോർട്ടിനെയും അതിലെ ഇന്ത്യയെക്കുറിച്ചുള്ള പരാമർശങ്ങളെയും തള്ളുന്നതായി കേന്ദ്ര വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

റിപ്പോർട്ടിനെയും അതിൽ ഇന്ത്യക്കെതിരായ ആക്ഷേപത്തെയും സർക്കാർ നിരാകരിക്കുന്നു. കമ്മീഷൻ റിപ്പോർട്ടിൽ രാജ്യത്തിൻറെ വികലമായ ചിത്രമാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

ഖാർഗ് ദ്വീപ് പിടിച്ചെടുക്കാൻ അമേരിക്കൻ നീക്കം

ടെഹ്റാൻ: ഹോർമുസ് കടലിടുക്കിൽ എണ്ണക്കപ്പലുകൾക്കു നേരേ ആക്രമണം തുടരുന്നപക്ഷം ഇറാൻറെ സാമ്പത്തിക നട്ടെല്ലും എണ്ണ കയറ്റുമതിയുടെ പ്രധാന കേന്ദ്രവുമായ ഖാർഗ് ദ്വീപ് പിടിച്ചെടുക്കുന്നതിനെക്കുറിച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ആലോചിക്കുന്നതായി റിപ്പോർട്ട്. പ്രത്യേക പരിശീലനം ലഭിച്ച മറീനുകളെ ഇറക്കിയായിരിക്കും ദൗത്യം നടത്തുകയെന്ന് അമേരിക്കൻ ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് ഇസ്രേലി മാധ്യമമായ ആക്സിയോസ് റിപ്പോർട്ട് ചെയ്തു. ഇറാനെതിരായ യുഎസ് ഇസ്രയേൽ യുദ്ധം മൂന്നാം ആഴ്ചയിലേക്കു കടന്നിരിക്കെയാണ് ട്രംപ് പുതിയ ഭീഷണിയുമായി രംഗത്തുവന്നത്. ഇറാൻറെ ക്രൂഡ് ഓയിൽ കയറ്റുമതിയുടെ 90 ശതമാനവും കൈകാര്യം ചെയ്യുന്ന ഖാർഗ് ദ്വീപിലെ സൈനികകേന്ദ്രങ്ങൾ പൂർണമായും തകർത്തുവെന്നാണ് ട്രംപ് അവകാശപ്പെടുന്നത്. എന്നാൽ, ആഗോള എണ്ണവിതരണത്തെ ബാധിക്കാതിരിക്കാൻ നിലവിൽ എണ്ണ ഉത്പാദന കേന്ദ്രങ്ങളെ ബോധപൂർവം ഒഴിവാക്കിയിരിക്കുകയാണെന്നും ഒരു രസത്തിന് ഇനിയും ദ്വീപ് ആക്രമിക്കുമെന്നും എബിസി ന്യൂസിനു നൽകിയ അഭിമുഖത്തിൽ ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്.

ബ്രഹ്മഗിരി തട്ടിപ്പ്; പെട്രോളുമായി സിപിഎം പ്രവർത്തകൻെറ ആത്മഹത്യാ ഭീഷണി

വയനാട്: സിപിഎം നിയന്ത്രണത്തിലുള്ള ബ്രഹ്മഗിരി സൊസൈറ്റിക്ക് മുന്നിൽ ആത്മഹത്യാ ഭീഷണിയുമായി സിപിഎം പ്രവർത്തകൻ നൗഷാദ്. സ്ഥാപനത്തിൽ നിക്ഷേപിച്ച 14 ലക്ഷം രൂപ തിരികെ ലഭിക്കണം എന്നാവശ്യപ്പെട്ടാണ് നൗഷാദ് ആത്മഹത്യ ഭീഷണി മുഴക്കിയത്.

ഒരു കൈയിൽ പാർട്ടി പതാകയും മറ്റേ കൈയിൽ കന്നാസിൽ നിറച്ച പെട്രോളുമായെത്തിയ നൗഷാദിനെ പോലീസ് തടഞ്ഞു. ഇയാളുടെ കൈയിൽ നിന്നും പോലീസ് കന്നാസ് പിടിച്ചുവാങ്ങി.പാർട്ടിയുടെ പേര് പറഞ്ഞ് കട്ട് മുടിപ്പിച്ചവരാണ് ഇവിടെയുള്ളതെന്നും നാട്ടിലുള്ള സകല സഖാക്കളെയും കൊടിയുടെ പേര് പറഞ്ഞ് പറ്റിച്ചുവെന്നും നൗഷാദ് ആരോപിച്ചു. ലഭിക്കാനുള്ള പണം തനിക്ക് തിരികെ നൽകണമെന്നും നൗഷാദ് ആവശ്യപ്പെട്ടു.

സിപിഎം ബ്രാഞ്ച് കമ്മിറ്റി അംഗമായിരുന്ന നൗഷാദ് സൊസൈറ്റിയിലെ ജീവനക്കാരനായിരുന്നു. നേതാക്കൾ ഇടപെട്ട് പല തവണയായാണ് നൗഷാദിൽ നിന്നും 14 ലക്ഷം രൂപ മേടിച്ചെടുത്തത്.

ഇറാൻറെ ആഭ്യന്തര അധികാര തർക്കത്തിൽ ഇന്ത്യ പ്രതിസന്ധിയിൽ; ചർച്ചകൾ തടസപ്പെടുത്തി ഐആർജിസി

ടെഹ്റാൻ: ഇറാനിലെ ഭരണകൂടവും സൈനിക വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സും തമ്മിലുള്ള ആഭ്യന്തര തർക്കം ഇന്ത്യയുടെ തന്ത്രപ്രധാനമായ നീക്കങ്ങൾക്ക് തിരിച്ചടിയാകുന്നു. ചരക്ക് നീക്കത്തിനുള്ള സുരക്ഷിത പാതയെക്കുറിച്ച് ഇന്ത്യയുമായി നടന്നുവന്ന നിർണായക ചർച്ചകൾ ഐആർജിസി തടസ്സപ്പെടുത്തിയതായാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.ഇറാൻറെ വിദേശകാര്യ മന്ത്രാലയവും ഐആർജിസിയും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് ചർച്ചകൾ വഴിമുട്ടാൻ കാരണം. നയതന്ത്ര തലത്തിൽ ഇന്ത്യയുമായി ഉണ്ടാക്കിയ ധാരണകൾ നടപ്പിലാക്കാൻ ഐആർജിസി തയ്യാറാകാത്തത് ഇന്ത്യയെ പ്രതിസന്ധിയിലാക്കുന്നു.ചബഹാർ തുറമുഖം വഴിയുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിനും മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിനുമാണ് ഇന്ത്യ മുൻഗണന നൽകുന്നത്. എന്നാൽ ഐആർജിസിയുടെ കടുത്ത നിലപാടുകൾ ഈ നീക്കങ്ങൾക്ക് തടസമാകുന്നു.പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷ സാഹചര്യത്തിൽ, ഇന്ത്യൻ കപ്പലുകൾക്കും ചരക്ക് നീക്കത്തിനും ഇറാൻ നൽകേണ്ട സുരക്ഷാ ഉറപ്പുകളിൽ വ്യക്തതയില്ലാത്തതും ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്. റഷ്യയുമായും മധ്യേഷ്യൻ രാജ്യങ്ങളുമായുമുള്ള ഇന്ത്യയുടെ വ്യാപാര ബന്ധത്തിൽ ഇറാൻറെ സഹകരണം അത്യാവശ്യമാണ്. ആഭ്യന്തര തർക്കങ്ങൾ മൂലം തീരുമാനങ്ങൾ വൈകുന്നത് ഇന്ത്യയുടെ സാമ്പത്തിക-പ്രതിരോധ താത്പര്യങ്ങളെ ബാധിച്ചേക്കാം.

ഇറാൻ ഭരണകൂടം തകരുന്നോ ദുരൂഹതയുടെ നിഴലിൽ 'രണ്ടാം ഖമനയ്'; ലാരിജാനിയും വീണു

ടെഹ്റാൻ മിസൈലുകൾക്കും ഡ്രോണുകൾക്കും ഇടയിൽ പുകയുന്ന പശ്ചിമേഷ്യയിൽ നിന്ന് പുറത്തുവരുന്നത് ഇറാൻ ഭരണകൂടത്തെ നടുക്കുന്ന വാർത്തകളാണ്. ആഴ്ചകൾക്ക് മുൻപ് പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനയ് കൊല്ലപ്പെട്ടതിന് പിന്നാലെ, ഇറാൻറെ കടിഞ്ഞാൺ കയ്യിലേന്തിയ പ്രമുഖരെല്ലാം ഓരോരുത്തരായി വീഴുകയാണ്. അന്താരാഷ്ട്ര മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾ ഇറാൻറെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നതാണ്.

പിതാവിൻറെ മരണശേഷം ഇറാൻറെ അമരത്തെത്തിയ മൊജ്തബ ഖമനയ് എവിടെയാണെന്നത് ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ രഹസ്യമാണ്. ഫെബ്രുവരി 28-ലെ ആക്രമണത്തിൽ അദ്ദേഹത്തിന് കാലിന് ഗുരുതരമായി പരിക്കേറ്റെന്നും, ഒരു കാലും കൈയും നഷ്ടപ്പെട്ട നിലയിൽ മോസ്കോയിലെ ആശുപത്രിയിൽ അതീവ രഹസ്യമായി ചികിത്സയിലാണെന്നുമാണ് പുറത്തുവരുന്ന സൂചനകൾ. 'അദ്ദേഹം പൂർണ ആരോഗ്യവാനാണെന്ന് ആരും പറയുന്നില്ല' എന്ന അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ പ്രസ്താവനയും ദുരൂഹത വർധിപ്പിക്കുന്നു.

ഖമനയ് കുടുംബത്തിന് പുറത്ത് ഇറാൻറെ സകല തന്ത്രങ്ങളും മെനഞ്ഞിരുന്ന അലി ലാരിജാനിയും കൊല്ലപ്പെട്ടതായാണ് ഇസ്രയേൽ അവകാശപ്പെടുന്നത്. ടെഹ്റാനിലെ അതീവ സുരക്ഷാ മേഖലയിൽ നടന്ന മിസൈൽ ആക്രമണത്തിൽ ലാരിജാനി കൊല്ലപ്പെട്ടത് ഇറാൻ ഭരണകൂടത്തിൻറെ നട്ടെല്ലൊടിക്കുന്ന വാർത്തയാണ്. ലാരിജാനിയുടെ മരണത്തോടെ ഇറാനിൽ തീരുമാനങ്ങളെടുക്കാൻ നിലവിൽ ആരുമില്ലാത്ത അവസ്ഥയാണെന്ന് നിരീക്ഷകർ കരുതുന്നു.

സുരക്ഷാ കാരണങ്ങളാൽ സൈനിക ആസ്ഥാനങ്ങൾ ഉപേക്ഷിച്ച് സാധാരണക്കാരുടെ കൂടാരങ്ങളിൽ ഒളിച്ച് താമസിച്ച ബസിജ് സേനാ തലവൻ ഗുലാംറേസ സുലൈമാനിയെയും ഇസ്രയേൽ കണ്ടെത്തി വധിച്ചു. ഇറാൻറെ രഹസ്യ താവളങ്ങൾ പോലും ഇസ്രയേലിന് മുന്നിൽ തുറന്ന പുസ്തകമാണോ എന്ന കൗതുകകരമായ ചോദ്യമാണ് ഇത് ഉയർത്തുന്നത്.

രഹസ്യാന്വേഷണ വിഭാഗത്തിലെ വൻ പാളിച്ചകളും ഉന്നത നേതാക്കളുടെ കൂട്ട മരണവും ഇറാനെ പതറിക്കുന്നുണ്ട്. എന്നാൽ, മൊജ്തബ ഖമനയ് സുരക്ഷിതനാണെന്നും ഹോർമുസ് കടലിടുക്കിലെ അധികാരം കൈവിടില്ലെന്നുമാണ് ഇറാൻ പ്രഖ്യാപിക്കുന്നത്. നേതാക്കളെല്ലാം നഷ്ടപ്പെട്ട ഒരു രാജ്യം എങ്ങനെ തിരിച്ചടിക്കുമെന്നത് ലോകം ഉറ്റുനോക്കുന്ന വലിയൊരു 'സസ്പെൻസ്' ആയി തുടരുന്നു.

കാറിനുള്ളിൽ നാല് മൃതദേഹങ്ങൾ കത്തിക്കരിഞ്ഞ നിലയിൽ

ചെന്നൈ: തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ കാറിനുള്ളിൽ നാല് മൃതദേഹങ്ങൾ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി. തിസയൻവിളയിലെ വിജനമായ സ്ഥലത്ത് ഒരു കാർ കത്തിക്കരിഞ്ഞ നിലയിൽ കിടക്കുന്നത് കണ്ട നാട്ടുകാരാണ് പോലീസിൽ വിവരമറിയിച്ചത്.പോലീസെത്തി പരിശോധന നടത്തിയപ്പോഴാണ് കാറിനുള്ളിൽ തിരിച്ചറിയാൻ കഴിയാത്ത വിധം പൂർണമായും കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ കണ്ടെത്തിയത്. ഫോറൻസിക് വിദഗ്ധർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു.മരിച്ചവർ ആരെല്ലാമാണെന്നും ഏത് സ്വദേശികളാണെന്നും കണ്ടെത്താനുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പ്രഥമിക നിഗമനത്തിൽ ആത്മഹത്യയാണെന്ന് പോലീസ് സംശയിക്കുന്നു. മരിച്ചവർ ഒരേ കുടുംബത്തിൽപ്പെട്ടവരാണോ എന്ന കാര്യവും പോലീസ് അന്വേഷിച്ച് വരികയാണ്.

ഇറാനിൽ വൻ ചാരവേട്ട: വിദേശ രാജ്യങ്ങൾക്കായി പ്രവർത്തിച്ച പത്ത് പേരെ ഐആർജിസി അറസ്റ്റ് ചെയ്തു

ടെഹ്റാൻ: രാജ്യത്ത് വിദേശ ചാരസംഘടനകളുടെ പ്രവർത്തനം ശക്തമാകുന്നു എന്ന സൂചനകൾക്കിടെ, ഇറാനിലെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് പത്ത് വിദേശ ചാരന്മാരെ അറസ്റ്റ് ചെയ്തു. ഇറാൻ വിരുദ്ധ പ്രവർത്തനങ്ങൾക്കും ചാരപ്പണികൾക്കുമായി വിദേശ ഏജൻസികളുമായി ചേർന്ന് പ്രവർത്തിച്ചവരാണ് ഇവരെന്നും ഇവർക്കെതിരെ രാജ്യവ്യാപകമായ അന്വേഷണം നടന്നുവരികയാണെന്നും ഇറാൻ ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.ഇറാൻറെ രഹസ്യാന്വേഷണ വിഭാഗം നടത്തിയ വിപുലമായ പരിശോധനയിലാണ് പത്ത് പേർ പിടിയിലായത്. ഇവർ വിവിധ വിദേശ രാജ്യങ്ങളിലെ ചാരസംഘടനകളുമായി നേരിട്ട് ബന്ധമുള്ളവരാണെന്ന് ഇറാൻ ആരോപിക്കുന്നു. ഇറാനിലെ സൈനിക കേന്ദ്രങ്ങൾ, തന്ത്രപ്രധാനമായ സ്ഥലങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ചോർത്തുക, രാജ്യത്ത് അശാന്തി പടർത്താൻ ശ്രമിക്കുക തുടങ്ങിയ ഗുരുതരമായ കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്.ഇസ്രയേൽ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള ഭീഷണി വർധിച്ച പശ്ചാത്തലത്തിൽ, വിദേശ ചാരന്മാരെ കണ്ടെത്തുന്നതിനായി ഇറാൻ തങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അതിൻറെ ഭാഗമായാണ് ഈ നടപടി. കഴിഞ്ഞ കുറച്ചു കാലങ്ങളായി ഇറാനിലെ ശാസ്ത്രജ്ഞർക്കും സൈനിക ഉദ്യോഗസ്ഥർക്കും നേരെ നടന്ന ആക്രമണങ്ങൾക്ക് പിന്നിൽ വിദേശ ചാരസംഘടനകളാണെന്ന് ഇറാൻ ആരോപിച്ചിരുന്നു. ഈ സാഹചര്യത്തിൽ രാജ്യത്തിനകത്തെ വിദേശ സ്വാധീനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐആർജിസി ഈ പരിശോധനകൾ നടത്തുന്നത്.

ദക്ഷിണാഫ്രിക്കയ്ക്കെതിരായ രണ്ടാം ടി20; ന്യൂസിലൻഡിന് തകർപ്പൻ ജയം

ഹാമിൽട്ടൺ: ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടൻറി 20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ന്യൂസിലൻഡിന് തകർപ്പൻ ജയം. ഹാമിൽട്ടണിൽ നടന്ന മത്സരത്തിൽ 68 റൺസിനാണ് ന്യൂസിലൻഡ് വിജയിച്ചത്.

ന്യൂസിലൻഡ് ഉയർത്തിയ 176 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 107 റൺസിൽ ഓൾഔട്ടായി. 33 റൺസെടുത്ത ജോർജ് ലിൻഡെ മാത്രമാണ് ദക്ഷിണാഫ്രിക്കൻ നിരയിൽ തിളങ്ങിയത്.

റുബിൻ ഹെർമാൻ 19 റൺസും വിയാൻ മുൾഡർ 16 റൺസുമെടുത്തു. ന്യൂസിലൻഡിന് വേണ്ടി ലോക്കി ഫെർഗൂസണും ബെൻ സിയേഴ്സും മൂന്ന് വിക്കറ്റ് വീതമെടുത്തു. മിച്ചൽ സാൻറ്നർ രണ്ട് വിക്കറ്റും കോൽ മക്കോഞ്ചിയും ജെയിംസ് നീഷയും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് 175 റൺസെടുത്തത്. ഡിവോൺ കോൺവെയുടെ അർധ സെഞ്ചുറിയുടെ ബലത്തിലാണ് കിവീസ് മികച്ച സ്കോർ പടുത്തുയർത്തിയത്. കോൺവെ 60 റൺസാണെടുത്തത്. അഞ്ച് ബൗണ്ടറിയും നാല് സിക്സും അടങ്ങുന്നതായിരുന്നു കോൺവെയുടെ ഇന്നിംഗ്സ്.ജോഷ് ക്ലർക്സൺ 26 റൺസും നിക്ക് കെല്ലി 21 റൺസും നായകൻ മിച്ചൽ സാൻറ്നർ 20 റൺസുമെടുത്തു. ദക്ഷിണാഫ്രിക്കയ്ക്ക് വേണ്ടി വിയാൻ മുൾഡർ രണ്ട് വിക്കറ്റും ജെറാൾഡ് കോട്ട്സെയും ഒട്ടിനെയ്ൽ ബാർട്ട്മാൻ നായകൻ കേശവ് മഹാരാജ് ജോർജ് ലിൻഡെ എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.ഇന്നത്തെ വിജയത്തോടെ ന്യൂസിലൻഡ് പരമ്പരയിൽ ഒപ്പമെത്തി. (11). ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഏഴ് വിക്കറ്റിന് വിജയിച്ചിരുന്നു.

ഇംഗ്ലീഷ് പ്രീമിയർ ലീഗ്: ബ്രെൻറ്ഫോർഡിനെ സമനിലയിൽ തളച്ച് വൂൾവ്സ്

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ ബ്രെൻറ്ഫോർഡിനെ സമനിലയിൽ തളച്ച് വൂൾവ്സ്. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ഇരു ടീമുകളും രണ്ട് ഗോളുകൾ വീതം നേടി.

മൈക്കൽ കയോഡെയും ഇഗോർ തിയാഗോയും ആണ് ബ്രെൻറ്ഫോർഡിന് വേണ്ടി ഗോളുകൾ നേടിയത്. ആദം ആംസ്ട്രോംഗും ടോലു അരോകൊഡാരെയും ആണ് വൂൾവ്സിന് വേണ്ടി ഗോളുകൾ സ്കോർ ചെയ്തത്.

മത്സരം സമനിലയായതോടെ ബ്രെൻറ്ഫോർഡിന് 45 പോയിൻറും വൂൾവ്സിന് 17 പോയിൻറും ആയി. ലീഗ് ടേബിളിൽ ബ്രെൻറ്ഫോർഡ് ഏഴാം സ്ഥാനത്തും വൂൾവ്സ് 20-ാം സ്ഥാനത്തുമാണുള്ളത്.

മൊജ്തബ ഖമനയ് മോസ്കോയിലെ ആശുപത്രിയിൽ ചികിത്സയിൽ വിശദീകരണവുമായി റഷ്യ

മോസ്കോ: ഇറാൻറെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനയ്യുടെ മകൻ മൊജ്തബ ഖമനയ് അതീവ ഗുരുതരാവസ്ഥയിൽ മോസ്കോയിലെ ആശുപത്രിയിൽ ചികിത്സയിലാണെന്ന വാർത്തകൾ റഷ്യ നിഷേധിച്ചു. പശ്ചിമേഷ്യയിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ സോഷ്യൽ മീഡിയയിലും അന്താരാഷ്ട്ര മാധ്യമങ്ങളിലും പ്രചരിച്ച ഈ വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് റഷ്യൻ വൃത്തങ്ങൾ വ്യക്തമാക്കി.

ഇസ്രയേൽ-ഇറാൻ സംഘർഷങ്ങൾക്കിടെ മൊജ്തബ ഖമനയ്ക്ക് പരിക്കേറ്റുവെന്നും വിദഗ്ധ ചികിത്സയ്ക്കായി അദ്ദേഹത്തെ രഹസ്യമായി റഷ്യയിലേക്ക് മാറ്റിയെന്നുമായിരുന്നു പ്രചാരണം. അദ്ദേഹത്തിൻറെ ആരോഗ്യനില വഷളായതായും റിപ്പോർട്ടുക

കവടിയാർ കൊട്ടാരത്തിലെ കവർച്ച: അന്വേഷണം പുരോഗമിക്കുന്നു

പേരൂർക്കട: കവടിയാർ കൊട്ടാരത്തിൽ നിന്നു രണ്ടു കോടിയോളം രൂപ വിലമതിക്കുന്ന സ്വർണാഭരണങ്ങൾ കളവുപോയ സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നു. വിരലടയാള ശേഖരണവും ഡോഗ്സ്ക്വാഡ് പരിശോധനയും പൂർത്തീകരിച്ച ശേഷം അന്വേഷണം വിദഗ്ധ സംഘത്തെ ഏൽപ്പിക്കും.

നിലവിൽ പേരൂർക്കട സി ഐക്കാണ് കേസിൻറെ അന്വേഷണച്ചുമതല. കഴിഞ്ഞ വർഷം നവംബർ മാസത്തിനോടടുത്താണ് കൊട്ടാരത്തിൽ മോഷണമുണ്ടായത്. എന്നാൽ ആദ്യഘട്ടത്തിൽ കേസെടുക്കാതെ അന്വേഷണം വേണമെന്നായിരുന്നു കൊട്ടാരത്തിലുള്ളവരുടെ ആവശ്യം. എന്നാൽ പോലീസ് ഇതു നിരാകരിച്ചതോടെയാണ് 2026വരെ അന്വേഷണം ഉണ്ടാകാതിരുന്നത്. ഇപ്പോൾ വളരെ വൈകിയാണ് അന്വേഷണമെന്നതിനാൽ തെളിവുകൾ എത്രത്തോളം ശേഖരിക്കാനാകുമെന്നതു പോലീസിനുള്ള പ്രധാന വെല്ലുവിളിയായി തുടരുന്നു.

അതേസമയം ആദ്യം തങ്ങളുടെ നിലയ്ക്ക് അന്വേഷണം നടത്തിയെന്നും പിന്നീട് പോലീസിൽ പരാതി നൽകുകയായിരുന്നുവെന്നും ഇതാണ് അന്വേഷണം വൈകാനുള്ള കാരണമെന്നുമാണ് കൊട്ടാരം അധികൃതർ പറയുന്നത്. 100 ലേറെ മുറികളാണ് കൊട്ടാരത്തിലുള്ളത്. 50-നോടടുത്ത് ജീവനക്കാരുമുണ്ട്. ഗേറ്റിനു സമീപം സുക്ഷാജീവനക്കാരുണ്ട്. വിവിധയിടങ്ങളിൽ സിസിടിവി കാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൊട്ടാരത്തിനുള്ളിലെ കതകുകളും ജനാലകളും നല്ല ബന്തവസിലാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ പുറത്തു നിന്ന് ആരെങ്കിലും വന്നു മോഷണം നടത്തിയെന്നു കരുതാൻ സാധിക്കുകയില്ലെന്നാണ് പോലീസ് വൃത്തങ്ങൾ പറയുന്നത്.

കൊട്ടാരത്തിലെ ജോലിക്കാർ, സുരക്ഷാ ജീവനക്കാർ, രാജകുടുംബാംഗങ്ങളുടെ ബന്ധുക്കൾ, കൊട്ടാരം സന്ദർശിക്കാനെത്തിയവർ തുടങ്ങിയവരെ ചോദ്യം ചെയ്യേണ്ടതുണ്ട്. വിദേശത്തുനിന്ന് എത്തിച്ചേർന്ന സന്ദർശകരെയും ഇക്കൂട്ടത്തിൽപ്പെടുത്തേണ്ടതായി വരും. തിരുവിതാംകൂറിൻറെ അവസാന രാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമവർമ തൻറെ ശേഖരത്തിൽനിന്നു അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായിക്കു നൽകിയ ആഭരണങ്ങളും മോഷ്ടിക്കപ്പെട്ടവയിൽ ഉണ്ട്. കൊട്ടാരത്തിനുള്ളിൽ മറ്റൊരു ഭാഗത്തുള്ള മുറിയിലും സ്വർണാഭരണങ്ങൾ സൂക്ഷിച്ചിരുന്നുവെന്നും അതു നഷ്ടപ്പെട്ടിട്ടില്ലെന്നുമാണു സൂചന.

പൂജപ്പുര സ്റ്റേഷൻ പരിധിയിൽ പാങ്ങോട് സൈനിക ക്യാമ്പിലുണ്ടായ ആനക്കൊമ്പു മോഷണത്തിൻറെ അന്വേഷണം എങ്ങുമെത്താതിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇതിനിടെയാണ് കൊട്ടാരത്തിൽ നിന്നുള്ള കോടികളുടെ സ്വർണാഭരണ മോഷണം. അന്വേഷണം വെല്ലുവിളിയാകുമെങ്കിലും കാര്യക്ഷമമായി സമയമെടുത്ത് വസ്തുത വെളിച്ചത്തു കൊണ്ടുവരിക തന്നെയാണ് ലക്ഷ്യമെന്നു സിറ്റി പോലീസ് കമ്മീഷണർ കെ. കാർത്തിക് വ്യക്തമാക്കി.

നിയമസഭാ തെരഞ്ഞെടുപ്പ്: തിരുവനന്തപുരം ജില്ല സജ്ജമെന്ന് ജില്ലാ കളക്ടർ

പേരൂർക്കട: നിയമസഭാ തെരഞ്ഞെടുപ്പിന് തിരുവനന്തപുരം ജില്ല സജ്ജമാണെന്നു ജില്ലാ കളക്ടർ അനു കുമാരി. ജില്ലയിലെ വോട്ടിംഗ് ശതമാനം കൂട്ടുന്നതിന് എല്ലാ പൗരന്മാരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും തെരഞ്ഞെടുപ്പ് ഏറ്റവും സുതാര്യമായും സ്വതന്ത്രമായും നടത്തുമെന്നും കുടപ്പനക്കുന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ കളക്ടർ അറിയിച്ചു.

ജില്ലയിൽ 440 പുതിയ ബൂത്തുകൾ ഉൾപ്പെടെ ആകെ 3173 പോളിംഗ് ബൂത്തുകളാണ് ഉള്ളത്. 124 മാതൃകാ ബൂത്തുകളും സജ്ജമാക്കിയിട്ടുണ്ട്. ബൂത്തുകളിൽ വോട്ടർമാർക്ക് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. 85 വയസിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കും കിടപ്പ് രോഗികൾക്കും ഹോം വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തും.

മൊബൈൽ പോളിംഗ് ടീമിൻറെ സഹായത്തോടെയാണ് ഹോം വോട്ടിംഗ് സാധ്യമാക്കുന്നത്. കിടപ്പുരോഗികളായ 24,000 പേരാണ് വോട്ടേഴ്സ് ലിസ്റ്റിലുള്ളത്. അഞ്ച് സംയോജിത ബോർഡർ ചെക്ക് പോസ്റ്റുകൾ തെരഞ്ഞെടുപ്പിൻറെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ സിസിടിവി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. എക്സൈസ്, കേരള പോലീസ്, തമിഴ്നാട് പോലീസ്, ആർടിഒ ഉൾപ്പെടെയുള്ളവരുടെ സേവനം ചെക്ക്പോസ്റ്റിൽ ഉണ്ടാകും. എല്ലാ നിയോജകമണ്ഡലങ്ങളിലും മൂന്ന് ഫ്ളയിംഗ് സ്ക്വാഡിനെ സജ്ജീകരിച്ചിട്ടുണ്ട്. വീഡിയോ ഗ്രാഫേഴ്സ്, ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങൾ തുടങ്ങിയവയും സ്ക്വാഡിലുണ്ടാകും. മൂന്ന് സ്റ്റാറ്റിക് സർവെയലൻസ് ടീമുകളും എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രവർത്തിക്കും.

നിയോജക മണ്ഡലങ്ങളിൽ അഡീഷണൽ എക്സ്പെൻറിച്ചർ ഒബ്സർവറെ നിയമിക്കുമെന്നും കളക്ടർ അറിയിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് സി-വിജിൽ ആപ്പ് വഴി ഫോട്ടോ ഉൾപ്പെടെ പരാതി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രീയ പാർട്ടികൾക്ക് സുവിധ പോർട്ടലിലെ സിംഗിൾ വിൻഡോ വഴി തെരഞ്ഞെടുപ്പ് റാലികൾക്കും പൊതു മീറ്റിങ്ങുകൾക്കും ഉച്ചഭാഷിണികൾ, വാഹനങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് അനുമതി വാങ്ങാനും സൗകര്യമൊരുക്കിയിട്ടുണ്ട്. സ്ഥാനാർത്ഥികൾക്ക് 23 വരെ നോമിനേഷൻ നൽകാം. രാവിലെ 11 മുതൽ 3 മണി വരെയാണ് നോമിനേഷൻ നൽകുന്നതിനുള്ള സമയം. സ്ഥാനാർഥികളുടെ ബാങ്ക് ഇടപാടുകളുടെ വിവരം ോണിറ്റർ ചെയ്യുന്നതിന് വിവിധ ബാങ്ക് ഓഫീസേഴ്സിൻറെ യോഗത്തിൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

വിളപ്പിൽശാലയിൽ അന്താരാഷ്ട്ര കളിസ്ഥലം സ്ഥാപിക്കാൻ നീക്കം നടത്തും: വി. വി. രാജേഷ്

പേയാട്: വിളപ്പിൽശാലയിലെ പ്രവർത്തനരഹിതമായ മാലിന്യ സംസ്കരണശാലയും അനുബന്ധ സ്ഥലവും മേയർ വി. വി. രാജേഷ് സന്ദർശിച്ചു. ബിജെപി ദേശീയ നിർവാഹകസമിതി അംഗം പി. കെ. കൃഷ്ണദാസും മേയർക്കൊപ്പമുണ്ടായിരുന്നു.

വിളപ്പിൽ പഞ്ചായത്ത് ഭരണം ബിജെപിക്ക് ലഭിച്ചതിനു പിന്നാലെ ഉപയോഗ ശൂന്യമായിക്കിടക്കുന്ന സ്ഥലത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലം അടക്കം വികസന പദ്ധതികൾ യാഥാർഥ്യമാക്കണമെന്ന ആവശ്യവുമായി പി. കെ. കൃഷ്ണദാസിൻറെ നേതൃത്വത്തിൽ വിളപ്പിൽ പഞ്ചായത്ത് ഭരണസമിതി മേയറുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. തുടർന്നാണ് മേയറും നഗരസഭ ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ചത്. ജനങ്ങൾ ആഗ്രഹിക്കുന്ന വികസന പദ്ധതികൾ യാഥാർഥ്യമാക്കുകയാണ് ബിജെപിയുടെ നേതൃത്വത്തിലുള്ള നഗരസഭ ഭരണ സമിതികളുടെ ലക്ഷ്യമെന്നു മേയർ വി. വി. രാജേഷ് പറഞ്ഞു.

നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ചെമ്പഴന്തി ഉദയൻ, എം. ആർ. ഗോപൻ, കരമന അജിത്ത്, പാറ്റൂർ രാധാകൃഷ്ണൻ, വിളപ്പിൽ പഞ്ചായത്ത് പ്രസിഡൻറ് പി. സൗമ്യ, വൈസ് പ്രസിഡൻറ് സി. എസ്. അനിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം വിളപ്പിൽ ദീപക്, പഞ്ചായത്ത് അംഗങ്ങളായ അജിത്ത് കുമാർ, അഞ്ജു, ശ്രുതി, സജിത്ത്, രാജേഷ് ബാബു, ചെറുക്കോട് അനിൽ, ഷക്കില ബീവി, ബിജെപി തിരുവനന്തപുരം സൗത്ത് ജില്ലാ പ്രസിഡൻറ് മുക്കംപാലമൂട് ബിജു, നേതാക്കളായ കാട്ടാക്കട ഹരി, പേയാട് കാർത്തികേയൻ, കാട്ടാക്കാട്ട സന്തോഷ്, സുധീഷ് തിരുനെല്ലിയൂർ, വിളപ്പിൽശ്രീകുമാർ, ചൊവ്വള്ളൂർ മണികണ്ഠൻ, പ്രതീഷ് എന്നിവരും സംഘത്തോടൊപ്പമുണ്ടായിരുന്നു.

കേന്ദ്ര സർവകലാശാലയുടെ തിരുവനന്തപുരം കാമ്പസിന് അണ്ടൂർക്കോണത്ത് ഭൂമി കൈമാറാൻ തീരുമാനം

നെടുമങ്ങാട്: അണ്ടൂർക്കോണം പഞ്ചായത്തിൽ കേന്ദ്രസർവകലാശാലയുടെ ക്യാപിറ്റൽ സെൻററിന് ഭൂമി അനുവദിച്ച് മന്ത്രിസഭാ യോഗം തീരുമാനമെടുത്തു. ഏഴേക്കറോളം ഭൂമിയാണ് സർവകലാശാലയുടെ ആധുനിക ക്യാമ്പസ് സ്ഥാപിക്കുന്നതിന് അനുവദിച്ചത്. കഴിഞ്ഞ 12 വർഷമായി തിരുവനന്തപുരം പട്ടത്ത് ബിഎസ്എൻഎൽ ബിൽഡിംഗിൽ പ്രവർത്തിച്ചുവന്ന സ്ഥാപനത്തിൻറെ ആഗ്രഹമാണ് മന്ത്രി ജി. ആർ. അനിലിൻറെ ശ്രമഫലമായി സാധ്യമായത്.

ആധുനിക അക്കാദമിക് സമുച്ചയം, അയ്യൻകാളി പഠനഗവേഷണ കേന്ദ്രം, പിഎച്ച് ഡി പ്രോഗ്രാമുകൾ, സെൻറർ ഫോർ ഫോറിൻ ലാംഗേജ് സ്റ്റഡീസിൻറെ കീഴിൽ ഫ്രഞ്ച്, ജർമൻ, റഷ്യൻ, ചൈനീസ്, ജാപ്പനീസ് തുടങ്ങിയ വിദേശഭാഷ പഠനസൗകര്യം, ഇന്ത്യൻ ഫോറിൻ സർവീസിലേക്ക് വിദ്യാർഥികളെ തയാറെടുപ്പിക്കുവാൻ ഇൻറർ നാഷണൽ റിലേഷൻസ് സെൻറർ, അണ്ടൂർക്കോണം കേന്ദ്രത്തിൽ ഇൻറർനാഷണൽ റിലേഷൻസ്, ഡിപ്ലോമസി, ഡിഫൻസ് സ്റ്റഡീസ്, ദേശീയ സുരക്ഷ,

നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ കമ്പ്യൂട്ടർ വിഷയങ്ങൾ എന്നിവ പഠന വിഷയങ്ങളാകുന്ന ഗവേഷണ - പഠനകേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നത്. അധ്യാപകർക്കും വിദ്യാർഥികൾക്കും ട്രെയിനിംഗ് നൽകുന്ന സ്ഥാപനങ്ങൾ, സ്കിൽ ഡവലപ്മെൻറ് പ്രോഗ്രാമുകൾ എന്നിവയും സർവകലാശാല ലക്ഷ്യമിടുന്നു.

കേന്ദ്ര സർവകലാശാലയ്ക്ക് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതിലേക്ക് നയിച്ച ഈ തീരുമാനം തിരുവനന്തപുരം ജില്ലയിലും നെടുമങ്ങാട് നിയോജക മണ്ഡലത്തിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുചാട്ടം ആയിരിക്കുമെന്നു മന്ത്രി കൂട്ടിച്ചേർത്തു.

നടി വീണാ നായർ ട്വൻറി 20യിൽ; ഏറ്റുമാനൂരിൽ മത്സരിക്കും

കൊച്ചി: നടി വീണാ നായർ ട്വൻറി 20 യിൽ ചേർന്നു. വീണാ നായർ ഏറ്റുമാനൂരിൽ എൻഡിഎ സ്ഥാനാർഥിയായി മത്സരിക്കും. പാർട്ടി പ്രസിഡൻറ് സാബു എം.ജേക്കബ് ആണ് പ്രഖ്യാപനം നടത്തിയത്.

തൃക്കാക്കരയിൽ സംവിധായകൻ അഖിൽ മാരാർ സ്ഥാനാർഥിയാകും. തിരുവമ്പാടിയിൽ സണ്ണി തോമസും തൃക്കരിപ്പൂരിൽ രവി കുളങ്ങരയുമാണ് സ്ഥാനാർഥികൾ. അങ്കമാലിയിൽ റിയാലിറ്റി ഷോ താരവും സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറുമായ പ്രോമി കുര്യാക്കോസ് സ്ഥാനാർഥിയാകും.അടൂർ മുനിസിപ്പാലിറ്റി മുൻ ചെയർമാനും കോൺഗ്രസ് നേതാവുമായിരുന്ന ബാബു ദിവാകരൻ കുന്നത്തുനാട്ടിൽ മത്സരിക്കുമെന്ന് കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു.

തൃപ്പൂണിത്തുറയിൽ നടി അഞ്ജലി നായരും സ്ഥാനാർഥിയാകും. തൃപ്പൂണിത്തുറയിലെ ജനങ്ങൾക്കൊപ്പം താനുണ്ടാകുമെന്നും സ്ഥാനാർഥിത്വത്തിൽ ഏറെ സന്തോഷമെന്നും അഞ്ജലി പ്രതികരിച്ചു. പെരുമ്പാവൂരിൽ നടി ലക്ഷ്മിപ്രിയ എൻഡിഎ സ്ഥാനാർത്ഥിയാകും.

അതേസമയം, ട്വൻറി 20 പാർട്ടിയുടെ മുഴുവൻ സ്ഥാനാർഥി നിർണയവും പൂർത്തിയായെന്നും അടുത്ത ദിവസം പ്രഖ്യാപനം ഉണ്ടാകുമെന്നും സാബു എം. ജേക്കബ് പറഞ്ഞു

ചമയങ്ങൾക്കപ്പുറം

സുനിതഒലീവിയ

പ്രണയം വെറുമൊരു വികാരമല്ല; അതൊരു അതിജീവന മന്ത്രമാണ്!

സ്നേഹത്തെയും പ്രണയത്തെയും കവികൾ വർണിച്ചിട്ടുള്ളത് പോലെ വെറുമൊരു വൈകാരിക അനുഭവം മാത്രമായി കാണാൻ വരട്ടെ.ഭക്ഷണവും വെള്ളവും പോലെ തന്നെ മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒന്നാണ് 'കണക്ഷൻ' അഥവാ പരസ്പരമുള്ള വൈകാരിക ബന്ധങ്ങൾ. ശാസ്ത്രീയമായി പറഞ്ഞാൽ, നമ്മൾ സാമൂഹികമായി ഒത്തൊരുമിച്ച് ജീവിക്കാൻ പ്രോഗ്രാം ചെയ്യപ്പെട്ട സസ്തനികളാണ്.

സ്നേഹത്തിന് പിന്നിലെ രസതന്ത്രം

നമ്മുടെ ശരീരത്തിലെ ചില ഹോർമോണുകളാണ് ബന്ധങ്ങളെ നിയന്ത്രിക്കുന്നത്. 'സ്നേഹത്തിന്റെ ഹോർമോൺ' എന്നറിയപ്പെടുന്ന ഓക്സിടോസിൻ (Oxytocin), വാസോപ്രെസിൻ (Vaospressin) എന്നിവയാണ് ഇതിൽ പ്രധാനം. പരസ്പര വിശ്വാസം, കൂറ്, അടുപ്പം എന്നിവയൊക്കെ നമ്മളിൽ ഉണ്ടാക്കുന്നത് ഇവയാണ്. എന്തിന്, പ്രണയത്തിൽ അസൂയ തോന്നുന്നതുപോലും ഈ ഹോർമോണുകളുടെ കളിയാണ്! മനുഷ്യൻ ഒരു സാമൂഹിക ജീവിയായി പരിണമിച്ചതിന് പിന്നിൽ ഈ രാസപ്രവർത്തനങ്ങൾക്ക് വലിയ പങ്കുണ്ട്.

ആരോഗ്യം നൽകുന്ന പ്രണയം

പ്രണയത്തിന്റെ ആദ്യ നാളുകളിൽ അനുഭവപ്പെടുന്ന ആവേശത്തിന് പിന്നിൽ ഡോപാമിൻ, അഡ്രിനാലിൻ എന്നീ ഹോർമോണുകളാണ്. ഇവ കേവലം ആകർഷണം മാത്രമല്ല നൽകുന്നത്. ഇവയ്ക്ക് നമ്മുടെ സ്ട്രെസ് കുറയ്ക്കാനും, വേദനകൾ ശമിപ്പിക്കാനും, നല്ല ഉറക്കം നൽകാനും, ചിന്താശേഷി വർദ്ധിപ്പിക്കാനും കഴിവുണ്ട്. സ്നേഹനിർഭരമായ ബന്ധങ്ങൾ മനുഷ്യന്റെ ആയുസ്സ് വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ഹൃദയം തകരുമ്പോൾ സംഭവിക്കുന്നത്

ബന്ധങ്ങൾ തകരുമ്പോൾ ഉണ്ടാകുന്ന വേദന വെറും മാനസികമല്ല. വേർപിരിയലോ വഞ്ചനയോ അനുഭവിക്കുമ്പോൾ ശരീരം കോർട്ടിസോൾ (Cortiosl) പോലുള്ള സ്ട്രെസ് ഹോർമോണുകളാൽ നിറയുന്നു. ഇത് ശാരീരികമായ വേദനയ്ക്ക് തുല്യമാണ്. ചിലരിൽ ഇത് ഹൃദയത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന **ബ്രോക്കൺ ഹാർട്ട് സിൻഡ്രോം' (Broken Heart Syndrome)** എന്ന അവസ്ഥയിലേക്ക് വരെ നയിക്കാറുണ്ട്.

ഏകാന്തത എന്ന രോഗം

ഇന്നത്തെ കാലത്ത് പലരും അനുഭവിക്കുന്ന ഏകാന്തത (Loneliness) ഒരു നിസ്സാര പ്രശ്നമല്ല. ശക്തമായ ബന്ധങ്ങളുടെ അഭാവം മനുഷ്യനെ ശാരീരികമായും മാനസികമായും തളർത്തും. ആരോഗ്യമുള്ള ഒരു ജീവിതത്തിന് നല്ല ബന്ധങ്ങൾ കൂടിയേ തീരൂ. നമ്മൾ ഒറ്റയ്ക്ക് ജീവിക്കാൻ നിർമ്മിക്കപ്പെട്ടവരല്ല, മറിച്ച് ചേർത്തുപിടിക്കലിലൂടെ അതിജീവിക്കാൻ ജനിച്ചവരാണ്. . . ആത്മാർത്ഥ സ്നേഹം ഉള്ളിടത്തെ ദൈവാനുഗ്രഹം ഉണ്ടാകും.

ആത്മാർത്ഥ സ്നേഹം ഒരിക്കലും ചതിക്കപ്പെടില്ല. .

കാപട്യം ഉള്ള സ്നേഹം മരണത്തിന് തുല്യമാണ്

കാപട്യം ഇല്ലാത്ത സ്നേഹം മരണ വരെ രണ്ടുപേരും കാത്തുസൂക്ഷി കേണ്ടുന്ന ഒരു മാണിക്യമായീ കരുതുക...

സുനിതാ ഒലിവിയ

നെടുമങ്ങാട് ഗവ. ഐടിഐക്ക് മന്ത്രിസഭയുടെ അംഗീകാരം

നെടുമങ്ങാട്: മുൻസിപ്പാലിറ്റിയിലെ കരിപ്പൂർ വില്ലേജിൽ നഗരസഭയുടെ മൂത്താംകോണം കമ്മ്യൂണിറ്റി ഹാളിൽ താത്കാലികമായി ഐടിഐ പ്രവർത്തിക്കുന്നതിനു മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതായി മന്ത്രി ജി. ആർ. അനിൽ അറിയിച്ചു.

പുതിയ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് ഐടിഐ സ്വന്തം കെട്ടിടത്തിലേക്കു മാറും. രണ്ടു യൂണിറ്റുകൾ വീതമുള്ള ഫിറ്റർ, വെർഡർ, മൾട്ടീമീഡിയ ആനിമേഷൻ ആൻഡ് സ്പെഷൽ ഇഫക്ട്സ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റൻറ് കോഴ്സുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഫിറ്റർ കോഴ്സിന് രണ്ടു വർഷവും, മറ്റു കോഴ്സുകൾക്ക് ഓരോ വർഷവുമാണ് പരിശീലന ദൈർഘ്യം.

പ്രിൻസിപ്പാൾ ക്ലാസ് 2 - ഒന്ന്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ- ഒന്ന്, ജൂണിയർ സൂപ്രണ്ട് - ഒന്ന്, ജൂണിയർ ഇൻസ്ട്രക്റ്റർ - എട്ട്, ക്ലർക്ക് - രണ്ട്, ടൈപ്പിസ്റ്റ് - ഒന്ന്, എൽഡി സ്റ്റോർ കീപ്പർ - ഒന്ന്, ഓഫീസ് അറ്റൻഡ് - ഒന്ന്, ഉൾപ്പെടെ 16 തസ്തികകൾ സൃഷ്ടിക്കുന്നതിനും കാബിനറ്റ് അംഗീകാരം നൽകി.

സർക്കാർതലത്തിൽ പുതിയ ഐടിഐകൾ ആരംഭിക്കാൻ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരണ സജീകണത്തിനും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകളാണ് പ്രതീക്ഷിക്കുന്നത്.

ഇതിൽ നെടുമങ്ങാട് തുടങ്ങുന്ന ഐടിഐയുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കായി പ്രതിവർഷം 1.04 കോടിയും ഒറ്റത്തവണ ഉപകരണ സംഭരണത്തിനുമായി 1.61 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

മലയോര മേഖലയായ നെടുമങ്ങാട് തൊഴിലന്വേഷകരായ യുവാക്കൾക്ക് സാങ്കേതിക നൈപുണ്യം പകർന്നു നൽകുവാനും യുവതലമുറയ്ക്ക് മെച്ചപ്പെട്ട തൊഴിൽ കണ്ടെത്തുവാനും ഇതിലൂടെ കഴിയും. നെടുമങ്ങാടിൻറെ ഏറെക്കാലമായുള്ള കാത്തിരിപ്പാണ് ഇതിലൂടെ അവസാനിക്കുന്നത്.

നെടുമങ്ങാട് മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർഥി ജി. ആർ. അനിലിൻറെ റോഡ് ഷോ

നെടുമങ്ങാട്: നെടുമങ്ങാട് നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി അഡ്വ. ജി ആർ അനിലിൻറെ റോഡ് ഷോ നടന്നു. കൈവീശിയും പൂച്ചെണ്ടുകളെറിഞ്ഞും അഭിവാദ്യങ്ങളർപ്പിച്ചും വലിയൊരുവിഭാഗം വോട്ടർമാർ റോഡ് ഷോ കാണാൻ പാതയോരങ്ങളിൽ അണിനിരക്കുകയും അനുഗമിക്കുകയും ചെയ്തു. കരകുളം പഞ്ചായത്തിലെ ഏണിക്കരയിൽനിന്നും ഇന്നലെ ഉച്ചകഴിഞ്ഞു 3.30നാണ് റോഡ്ഷോ ആരംഭിച്ചത്. നൂറുകണക്കിനു വോട്ടർമാരാണു സ്ഥാനാർഥിയെ കാണാൻ ഏണിക്കരയിൽ തടിച്ചുകൂടിയത്. വീറുറ്റ മുദ്രാവാക്യങ്ങളോടെ തുറന്ന ജീപ്പിൽ ഏണിക്കര നിവാസികൾ സ്ഥാനാർഥിയെ യാത്രയാക്കി. ഇരുചക്ര വാഹനങ്ങളിൽ എൽഡിഎഫ് പ്രവർത്തകരും കെ. പി. പ്രമോഷ്, പാട്ടത്തിൽ ഷെരീഫ് എന്നിവരുടെ നേതൃത്വത്തിൽ നേതാക്കളും അനുഗമിച്ചു. വൈകുന്നേരം നാലിനു റോഡ് ഷോ നെടുമങ്ങാട് നഗരസഭയിലെ പത്താംകല്ലിൽ എത്തിച്ചേർന്നു. നെടുമങ്ങാട് നഗരസഭാ ചെയർമാൻ ആർ. ജയദേവൻറെ നേതൃത്വത്തിൽ വീട്ടമ്മമാരും കുട്ടികളുമടങ്ങുന്ന പൊതുജന സാന്നിധ്യം സ്ഥാനാർഥിയെ നഗരത്തിലേക്കു വരവേറ്റു. വാളിക്കോട് ചുറ്റി നെടുമങ്ങാട് നഗരമധ്യത്തിലൂടെ പഴകുറ്റി വഴി റോഡ്ഷോ വെമ്പായം പിരപ്പൻകോട്, കോലിയക്കോട്, വാവറയമ്പലം, കണിയാപുരം, അണ്ടൂർക്കോണം, പോത്തൻകോട്, നന്നാട്ടുകാവ്, കന്യാകുളങ്ങര വഴി വട്ടപ്പാറയിൽ സമാപിച്ചു.

സിപിഎം ജില്ലാ സെക്രട്ടേറിയറ്റംഗം ബി. സത്യൻ, എസ്. എസ്. രാജലാൽ, കെ. പി. പ്രമോഷ്, ആർ. ജയദേവൻ, പാട്ടത്തിൽ ഷെരീഫ്, വി. അമ്പിളി, എം. എസ്. രാജു, കെ. സജീവ്, കെ. എസ. ഷാജു, ആർ. എസ്. സുനിൽ തുടങ്ങിയവർ നേതൃത്വം നൽകി.

സിവിൽസ്റ്റേഷനിലെ പാർക്ക് സാമൂഹികവിരുദ്ധരുടെ താവളം

പേരൂർക്കട: കുടപ്പനക്കുന്ന് സിവിൽസ്റ്റേഷനിലെ ബി ബ്ലോക്കിന് എതിർവശത്തായി പ്രവർത്തിക്കുന്ന പാർക്ക് സാമൂഹികവിരുദ്ധരുടെ താവളമാകുന്നു. 2025 ജൂലൈ മാസത്തിൽ പാർക്കിനുള്ളിൽ ജിംനേഷ്യത്തിൻറെ ഉദ്ഘാടനം ജില്ലാ കളക്ടർ അനുകുമാരി നിർവഹിച്ചിരുന്നു.

ജിംനേഷ്യത്തിൻറെ മറപിടിച്ചാണ് ഇവിടെ സാമൂഹികവിരുദ്ധർ വിഹരിക്കുന്നത്. രാത്രികാലങ്ങളിൽ മദ്യക്കുപ്പികളുമായി എത്തുന്ന സംഘം ഇരുട്ടിൻറെ മറപറ്റി ഇവിടെ മദ്യപിക്കുന്നുണ്ട്. രാവിലെയും വൈകുന്നേരവും പാർക്കിൻറെ പ്രവർത്തനം ഒരു നിശ്ചിത സമയം വരെ അനുവദിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷം ഗേറ്റുകൾ തുറന്നുതന്നെ കിടക്കുന്നതിനാൽ ആർക്കും എപ്പോഴും ഇതിനുള്ളിൽ കടന്നുവരാമെന്നതാണ് അവസ്ഥ. പാർക്കിനുള്ളിലാകെ മിനറൽ വാട്ടർ കുപ്പികളും ചപ്പുചവറുകളുമാണ്. ഇരിപ്പിടങ്ങളിൽവരെ പ്ലാസ്റ്റിക് കുപ്പികൾ ചിതറിക്കിടക്കുന്നുണ്ട്. ശുചീകരണമില്ലാത്തതിനാൽ കരിയിലകളും മറ്റും നിറഞ്ഞു വൃത്തിഹീനമായ അവസ്ഥയിലാണ് നിലവിൽ പാർക്കുള്ളത്.

രാത്രി 10 മണിക്കും പാർക്കിനുള്ളിൽ ജനങ്ങൾ കടന്നുകയറി ഫലവൃക്ഷങ്ങളിൽനിന്നു മാങ്ങകൾ അടർത്തിയെടുക്കുന്നത് സ്ഥിരം കാഴ്ചയാണ്. പാർക്കിൽ സ്ഥാപിച്ചിട്ടുള്ള ജിംനേഷ്യം ഉപകരണങ്ങൾ ചിലത് സാമൂഹിക വിരുദ്ധർ നശിപ്പിച്ച അവസ്ഥയിലാണ്. വൈകുന്നേരം ആറുമണിക്ക് എത്തുന്ന ചില സംഘങ്ങൾ രാത്രി 11 മണിവരെ പാർക്കിനുള്ളിൽ തുടരുന്നത് സ്ഥിരം സംഭവമായിട്ടുണ്ട്.

ജില്ലാ ഭരണകൂടം ഇടപെടാത്തതാണ് പാർക്ക് 24 മണിക്കൂറും തുറന്നു കിടക്കുന്നതിനും ഫലവൃക്ഷങ്ങൾ നശിപ്പിക്കപ്പെടുന്നതിനും പാർക്ക് മാലിന്യപൂരിതമാകുന്നതിനും കാരണമെന്നും ആരോപണമുണ്ട്.